കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

നെടുമുടി ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എ.എൽ.പി-പി1/361/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 27/03/2022
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നെടുമുടി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : നെടുമുടി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നെടുമുടി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എ.എൽ.പി-പി1/361/2022 തീയ്യതി: 27/03/2022

ആലപ്പുഴ ജില്ലയിലെ നെടുമുടി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ നെടുമുടി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-11-2020 മുതൽ 28-02-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
രാജീവ്.ആർ	ഡെപ്യൂട്ടി ഡയറക്ടർ	09-03-2022	19-03-2022

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
09-03-2022	19-03-2022

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

സുരേഷ്.എസ് , ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ജാക്വലിൻ . പി. ഡബ്ല്യൂ , സീനിയർ ഗ്രേഡ് ഓഡിറ്റർ
രാജീവ്. ആർ , സീനിയർ ഗ്രേഡ് ഓഡിറ്റർ
പ്രീത , ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)

എം. കെ. ചാക്കോ	പ്രസിഡന്റ്	01-04-2019	31-03-2020
ജോയ് മാത്യൂ	സെക്രട്ടറി	01-04-2019	05-12-2019
ലീനമോൾ .എൻ.സി	സെക്രട്ടറി-ഇൻ-ചാർജ്ജ്	06-12-2019	07-02-2020
ജോയ് മാത്യൂ	സെക്രട്ടറി	08-02-2020	31-03-2020

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
പ്രദീപ് .പി.വി	കൃഷി ഓഫീസർ	01-04-2019	31-03-2020
ദീപ. എസ്	വെറ്ററിനറി സർജൻ	01-04-2019	31-03-2020
നജ്മുദ്ദീൻ	മെഡിക്കൽ ഓഫീസർ, സി.എച്ച്.സി	01-04-2019	31-03-2020
റോയ് .ബി. ഉണ്ണിത്താൻ	മെഡിക്കൽ ഓഫീസർ, ആയുർവേദം	01-04-2019	31-03-2020
നിള. എം	ഐ.സി.ഡി.എസ്. സൂപ്പർവൈസർ	01-04-2019	31-03-2020
രാജേഷ്. എസ്.ജെ	വി.ഇ.ഒ	01-04-2019	31-03-2020
പ്രജീഷകുമാരി. ടി.എസ്	എൽ. വി.ഇ.ഒ	01-04-2019	31-03-2020
ജയശ്രീ.കെ. എസ്	ഹെഡ് മിസ് ട്രസ്,	01-04-2019	31-03-2020
സിനിമോൾ	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2019	31-03-2020
ലീനമോൾ .എൻ.സി	അസി.സെക്രട്ടറി	01-04-2019	31-03-2020
മഞ്ജു ഫിലിപ്പ്	അസി.എഞ്ചിനീയർ	01-04-2019	31-03-2020

ഉള്ളടക്കം

ക്രമ നം	ഭാഗം **1**	ഖണ്ഡിക നമ്പർ
1	ബജറ്റ് Written By: S.Suresh (Audit Officer (HG), On 19-03-2022) Last Updated By: S.Suresh (Audit Officer (HG), On 19-03-2022)	1-1
2	വാർഷിക ധനകാര്യപത്രിക Written By: S.Suresh (Audit Officer (HG), On 19-03-2022) Last Updated By: S.Suresh (Audit Officer (HG), On 19-03-2022)	1-2
3	വാർഷികകണക്കിലെ അപാകതകൾ Written By: Jaquiline P.W (Senior Grade Auditor, On 18-03-2022) Last Updated By: Rajeev.R (Senior Grade Auditor, On 26-03-2022)	1-2-1
4	സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) Written By: S.Suresh (Audit Officer (HG), On 19-03-2022) Last Updated By: S.Suresh (Audit Officer (HG), On 19-03-2022)	1-3
5	ഫണ്ട് വിനിയോഗം (ACR പ്രകാരം) Written By: S.Suresh (Audit Officer (HG), On 19-03-2022) Last Updated By: Rajeev.R (Senior Grade Auditor, On 26-03-2022)	1-4
6	പദ്ധതി അവലോകനം Written By: S.Suresh (Audit Officer (HG), On 19-03-2022) Last Updated By: S.Suresh (Audit Officer (HG), On 19-03-2022)	1-5
7	തൊഴിലുറപ്പ പദ്ധതി Written By: S.Suresh (Audit Officer (HG), On 19-03-2022) Last Updated By: S.Suresh (Audit Officer (HG), On 19-03-2022)	1-6
8	ക്ഷേമപദ്ധതികൾ Written By: S.Suresh (Audit Officer (HG), On 19-03-2022) Last Updated By: S.Suresh (Audit Officer (HG), On 19-03-2022)	1-7
9	ക്യാഷ് പരിശോധന Written By: S.Suresh (Audit Officer (HG), On 21-03-2022) Last Updated By: S.Suresh (Audit Officer (HG), On 22-03-2022)	1-8
10	ആഭ്യന്തര നിയന്ത്രണം Written By: S.Suresh (Audit Officer (HG), On 21-03-2022) Last Updated By: S.Suresh (Audit Officer (HG), On 21-03-2022)	1-9
11	മൊബൈൽ ടവറിന്റെ വസ്തു നികുതി -2013 മുതൽ കുടിശ്ശികയായി നിലനിൽക്കുന്നു. Written By: Preetha (Auditor, On 20-03-2022) Last Updated By: Rajeev.R (Senior Grade Auditor, On 26-03-2022)	1-10
12	തൊഴിൽ നികുതി ഈടാക്കിയില്ല. Written By: Preetha (Auditor, On 20-03-2022) Last Updated By: Rajeev.R (Senior Grade Auditor, On 26-03-2022)	1-11
13	ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് സംബന്ധിച്ച് Written By: Preetha (Auditor, On 20-03-2022) Last Updated By: Rajeev.R (Senior Grade Auditor, On 26-03-2022)	1-12
14	ലേല കുടിശ്ശിക Written By: Preetha (Auditor, On 20-03-2022) Last Updated By: Rajeev.R (Senior Grade Auditor, On 26-03-2022)	1-13
15	ഗ്രാൻറ് വിനിയോഗം -നഷ്ടപ്പെടുത്തിയത് 2.13കോടി രൂപ Written By: S.Suresh (Audit Officer (HG), On 21-03-2022) Last Updated By: S.Suresh (Audit Officer (HG), On 21-03-2022)	1-14
16	പാലിയേറ്റീവ് കെയർ മാർഗ്ഗരേഖ പാലിക്കാത്തതു മൂലം പഞ്ചായത്തിന് നഷ്ടം-62040 രൂപ	1-15

	Written By: Rajeev.R (Senior Grade Auditor, On 19-03-2022) Last Updated By: Rajeev.R (Senior Grade Auditor, On 26-03-2022)	
17	ഗുണഭോക്തൃ വിഹിതം ഈടാക്കാത്തതു മൂലം പഞ്ചായത്തിന് നഷ്ടം Written By: Rajeev.R (Senior Grade Auditor, On 18-03-2022) Last Updated By: Rajeev.R (Senior Grade Auditor, On 26-03-2022)	1-16
18	വീട് പണി പൂർത്തിയാക്കാത്ത ഗുണഭോക്താക്കളിൽ നിന്നും ധനസഹായം തിരികെ ഈടാക്കുന്നില്ല. Written By: Rajeev.R (Senior Grade Auditor, On 19-03-2022) Last Updated By: Rajeev.R (Senior Grade Auditor, On 26-03-2022)	1-17
19	പ്ലാൻ ഫണ്ടിൽ നിന്നും പിൻ വലിച്ചതും ചെലവാകാതെ അവശേഷിക്കുന്നതുമായ തുകകൾ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരികെ ഒടുക്കുന്നില്ല Written By: Rajeev.R (Senior Grade Auditor, On 19-03-2022) Last Updated By: Rajeev.R (Senior Grade Auditor, On 26-03-2022)	1-18
20	അംഗനവാടികൾക്ക് ഭക്ഷ്യവസ്തുക്കൾ ട്രാൻസ്പോർട്ടേഷൻ ചാർജ്ജിനത്തിൽ അധികം തുക നൽകി Written By: Jaquiline P.W (Senior Grade Auditor, On 18-03-2022) Last Updated By: Rajeev.R (Senior Grade Auditor, On 26-03-2022)	1-19
21	മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തികൾ നടത്തിയിട്ടില്ല Written By: Preetha (Auditor, On 20-03-2022) Last Updated By: Rajeev.R (Senior Grade Auditor, On 26-03-2022)	1-20
22	ഗുണഭോക്തൃ തെരഞ്ഞെടുപ്പ് സുതാര്യമല്ല. Written By: Rajeev.R (Senior Grade Auditor, On 19-03-2022) Last Updated By: Rajeev.R (Senior Grade Auditor, On 26-03-2022)	1-21
23	മൂഗാശുപത്രിക്ക് മരുന്ന് വാങ്ങൽ - ആദായനികുതി ഈടാക്കിയില്ല Written By: Jaquiline P.W (Senior Grade Auditor, On 21-03-2022) Last Updated By: S.Suresh (Audit Officer (HG), On 21-03-2022)	1-22
24	രേഖകൾ ലഭ്യമാക്കിയില്ല. ചെലവ് തടസ്സപ്പെടുത്തുന്നു. Written By: Rajeev.R (Senior Grade Auditor, On 19-03-2022) Last Updated By: Rajeev.R (Senior Grade Auditor, On 26-03-2022)	1-23
25	നിർദ്ദിഷ്ട സമയത്തിനുളളിൽ കരാർ വെക്കാതിരുന്നതിന് ഫൈൻ ഈടാക്കിയില്ല. Written By: S.Suresh (Audit Officer (HG), On 21-03-2022) Last Updated By: S.Suresh (Audit Officer (HG), On 21-03-2022)	1-24
26	തൊഴിലുറപ്പുപദ്ധതി -കരാറുകാരിൽ നിന്നും ആദായ നികുതി ഈടാക്കിയില്ല Written By: S.Suresh (Audit Officer (HG), On 21-03-2022) Last Updated By: Rajeev.R (Senior Grade Auditor, On 26-03-2022)	1-25
27	GST ശ്രോതസിൽ നിന്നും ഈടാക്കിയില്ല - നഷ്ടം 42494/- Written By: S.Suresh (Audit Officer (HG), On 21-03-2022) Last Updated By: Rajeev.R (Senior Grade Auditor, On 26-03-2022)	1-26
28	സ്റ്റാക്ക് ചെയ്ത അളവിനേക്കാൾ കൂടിയ അളവിന് തുക അനുവദിച്ചു Written By: S.Suresh (Audit Officer (HG), On 21-03-2022) Last Updated By: S.Suresh (Audit Officer (HG), On 21-03-2022)	1-27
29	കരാറുകാരൻ സപ്ലൈ ചെയ്ത അളവിനേക്കാൾ കൂടിയ അളവ് രേഖപ്പെടുത്തി തുക അനുവദിച്ചു Written By: S.Suresh (Audit Officer (HG), On 21-03-2022) Last Updated By: Rajeev.R (Senior Grade Auditor, On 26-03-2022)	1-28
30	ഗ്രാവൽ ഫില്ലിംഗ് -കൺസോളിഡേഷൻ നടത്തിയതിന് 10% കിഴിവ് വരുത്തേണ്ടത് ഫില്ലിംഗ് അളവിൽ നിന്നും . എന്നാൽകുറവു വരുത്തിയത് സ്റ്റാക്ക് അളവിൽ നിന്നും. Written By: S.Suresh (Audit Officer (HG), On 21-03-2022) Last Updated By: Rajeev.R (Senior Grade Auditor, On 26-03-2022)	1-29

31	കരാറുകാരൻ സിമൻ്റ് സപ്ലൈ ചെയ്തത് സ്റ്റോക്കിൽ എടുത്തില്ല. Written By: S.Suresh (Audit Officer (HG), On 21-03-2022) Last Updated By: S.Suresh (Audit Officer (HG), On 21-03-2022)	1-30
ഭാഗം **2**		
--- No Records Found ---		
ഭാഗം **3**		
1	പാലിയേറ്റീവ് കയർ മാർഗ്ഗരേഖ പാലിക്കാത്തതു മൂലം പഞ്ചായത്തിന് നഷ്ടം-62040 രൂപ Written By: Rajeev.R (Senior Grade Auditor, On 19-03-2022) Last Updated By: Rajeev.R (Senior Grade Auditor, On 26-03-2022)	3-1
2	ഗുണഭോക്തൃ വിഹിതം ഈടാക്കാത്തതു മൂലം പഞ്ചായത്തിന് നഷ്ടം-9000 രൂപ Written By: Rajeev.R (Senior Grade Auditor, On 19-03-2022) Last Updated By: Rajeev.R (Senior Grade Auditor, On 26-03-2022)	3-2
3	തൊഴിലുറപ്പുപദ്ധതി -കരാറുകാരിൽ നിന്നും ആദായ നികുതി ഈടാക്കിയില്ല നഷ്ടം- 25972/- Written By: S.Suresh (Audit Officer (HG), On 21-03-2022) Last Updated By: Rajeev.R (Senior Grade Auditor, On 26-03-2022)	3-3
4	GST ശ്രോതസിൽ നിന്നും ഈടാക്കിയില്ല - നഷ്ടം -42494/- Written By: S.Suresh (Audit Officer (HG), On 21-03-2022) Last Updated By: Rajeev.R (Senior Grade Auditor, On 26-03-2022)	3-4
5	സ്റ്റാക്ക് ചെയ്ത അളവിനേക്കാൾ കൂടിയ അളവിന് തുക അനുവദിച്ചു- നഷ്ടം -3878/- Written By: S.Suresh (Audit Officer (HG), On 21-03-2022) Last Updated By: S.Suresh (Audit Officer (HG), On 22-03-2022)	3-5
ഭാഗം **4**		
1	സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം Written By: S.Suresh (Audit Officer (HG), On 19-03-2022) Last Updated By: S.Suresh (Audit Officer (HG), On 19-03-2022)	4-1
2	ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ Written By: S.Suresh (Audit Officer (HG), On 19-03-2022) Last Updated By: S.Suresh (Audit Officer (HG), On 19-03-2022)	4-2
3	മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് Written By: S.Suresh (Audit Officer (HG), On 19-03-2022) Last Updated By: S.Suresh (Audit Officer (HG), On 19-03-2022)	4-3
4	വായ്പ / വായ്പ തിരിച്ചടവ് Written By: S.Suresh (Audit Officer (HG), On 19-03-2022) Last Updated By: S.Suresh (Audit Officer (HG), On 19-03-2022)	4-4
5	സ്ഥിരനിക്ഷേപങ്ങൾ Written By: S.Suresh (Audit Officer (HG), On 19-03-2022) Last Updated By: S.Suresh (Audit Officer (HG), On 19-03-2022)	4-5
6	ഓഡിറ്റ് റിക്കവറി Written By: S.Suresh (Audit Officer (HG), On 19-03-2022) Last Updated By: S.Suresh (Audit Officer (HG), On 19-03-2022)	4-6
7	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം Written By: S.Suresh (Audit Officer (HG), On 19-03-2022) Last Updated By: S.Suresh (Audit Officer (HG), On 19-03-2022)	4-7
8	ചാർജ് /സർചാർജ് നടപടികളുടെ വിവരം Written By: S.Suresh (Audit Officer (HG), On 19-03-2022) Last Updated By: S.Suresh (Audit Officer (HG), On 19-03-2022)	4-8
9	ഓഡിറ്റ് പ്രത്യവലോകനം Written By: S.Suresh (Audit Officer (HG), On 21-03-2022)	4-9

	Last Updated By: Rajeev.R (Senior Grade Auditor, On 26-03-2022)	
10	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം Written By: S.Suresh (Audit Officer (HG), On 19-03-2022) Last Updated By: S.Suresh (Audit Officer (HG), On 21-03-2022)	4-10
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1

പൊതു അവലോകനം

1-1 ബജറ്റ്

ബജറ്റ് -അംഗീകരിച്ച തീരുമാനം നമ്പർ 1(1)/ തീയതി 25-02-19

ബജറ്റ് പ്രകാരമുള്ള വരവ്	149632348
ബജറ്റ് പ്രകാരമുള്ള ചെലവ്	148350000

വസ്തുനിഷ്ഠമല്ലാതെ ബജറ്റ് തയ്യാറാക്കിയിട്ടുള്ളതിനാൽ ബജറ്റ പ്രകാരം കണക്കാക്കിയിരുന്ന വരവു ചെലവുകളും യഥാർത്ഥ വരവു ചെലവുകളും തമ്മിൽ അന്തരം ഉണ്ടായിട്ടുണ്ട്. മുൻ വർഷങ്ങളിലെ വരവു ചെലവുകൾ വിശകലനം ചെയ്ത് യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്ന രീതിയിൽ പ്രതീക്ഷിത വരവ് ചെലവുകൾ കണക്കാക്കി ബജറ്റ് തയ്യാറാക്കുവാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

1-2 വാർഷിക ധനകാര്യപത്രിക

വാർഷിക ധനകാര്യപത്രിക സമയ പരിധിയ്ക്കുള്ളിൽ (05-06-20) ഓൺലൈനായി സമർപ്പിച്ചിട്ടുണ്ട്

1-2-1 വാർഷികകണക്കിലെ അപാകതകൾ

1.സർക്കാരിൽ നിന്നും ലഭിച്ച വിവിധ ഗ്രാന്റുകളിൽ ഡവലപ്പ്മെന്റ് ഫണ്ടിന്റെ വാർഷിക കണക്കിലെ RP 7 ഷെഡ്യൂൾ പ്രകാരമുള്ള തുകയും എസി ആർ പ്രകാരമുള്ള തുകയും തമ്മിൽ വ്യത്യാസം നിലനില്ക്കുന്നു ,

RP 7 – 10132288 /-

എസി ആർ പ്രകാരം- 10333149 /-

2 ഡവലപ്പ്മെന്റ് ഫണ്ട് സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റിന്റെ വാർഷിക കണക്കിലെ RP 7 ഷെഡ്യൂൾ പ്രകാരമുള്ള തുകയും എസി ആർ പ്രകാരമുള്ള തുകയും തമ്മിൽ വ്യത്യാസം നിലനില്ക്കുന്നു ,

RP 7 – 2556896 /-

എസി ആർ പ്രകാരം- 2840311 /-

3. ഡവലപ്പ്മെന്റ് ഫണ്ട് എസ് സി പി ഫണ്ടിന്റെ വാർഷിക കണക്കിലെ RP 7 ഷെഡ്യൂൾ പ്രകാരമുള്ള തുകയും എസി ആർ പ്രകാരമുള്ള തുകയും തമ്മിൽ വ്യത്യാസം നിലനില്ക്കുന്നു .

RP 7 – 1674790 /-

എസി ആർ പ്രകാരം- 1974790/-

4. മെയിന്റനൻസ് ഫണ്ട് നോൺ റോഡ് ഫണ്ടിന്റെ വാർഷിക കണക്കിലെ RP 7 ഷെഡ്യൂൾ പ്രകാരമുള്ള തുകയും എസി ആർ പ്രകാരമുള്ള തുകയും തമ്മിൽ വ്യത്യാസം നിലനില്ക്കുന്നു ,

RP 7 – 2584803 /-

എസി ആർ പ്രകാരം- 2644552 /-

5 ഇൻകം & എക്സ്പന്റീച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-6 പ്രകാരം വിവിധ ക്ഷേമപെൻഷൻ ഇനത്തിൽ തൻവർഷം രേഖപ്പെടുത്തിയിരിക്കുന്ന തുകകൾ സേവനയിൽ നിന്നുള്ള റിപ്പോർട്ടുകളുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഇനം	വാർഷിക കണക്ക് പ്രകാരമുള്ള തുക	സേവനയിൽ നിന്നുള്ള റിപ്പോർട്ടു പ്രകാരമുള്ള തുക
National Old Age Pension	5530500 /-	7797300 /-
Pension For Agricultural Workers	8038200	11311800/-

Widow Pension	2948400 /-	3687600 /-
Pension For Unmarried Woman Aged Above 50	338400 /-	445200 /-
Pension For Physically/Mentally Challenged	1467300 /-	2059700 /-

6.ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-1പ്രകാരം തൊഴിൽനികുതി (എംപ്ലോയീസ്) ഇനത്തിലെ 19-20 വർഷത്തെ ഡിമാന്റ് 874670 /- രൂപയാണ് . എന്നാൽ രജിസ്റ്ററിൽ ഡിമാന്റായി രേഖപ്പെടുത്തിയിരിക്കുന്നത് 909750 /- രൂപയാണ്

7. വാർഷികകണക്കിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ RP-1 പ്രകാരം തൻവർഷത്തെ തൊഴിൽനികുതി (എംപ്ലോയിസ്) ഇനത്തിലെ വരവ് 874670 /- രൂപയാണ് .എന്നാൽ രജിസ്റ്ററിൽ 845000 /- രൂപയാണ് വരവായി രേഖപ്പെടുത്തിയിരിക്കുന്നത്

8 വാർഷിക കണക്ക് പ്രകാരമുള്ള ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ വരവ് ചെലവു കണക്കുകളും ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വിഭാഗത്തിൽ നിന്നും ലഭ്യമാക്കിയ ഇ.എഫ്.എം.എസ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് കണക്കുകളും പൊരുത്തപ്പെടുന്നില്ല.

വാർഷിക കണക്കിലെ ഷെഡ്യൂൾ I6 പ്രകാരമുള്ള വരവ്- 21064531 /-

എൻ.ആർ.ഇ.ജി.എസ് വിഭാഗത്തിൽ നിന്നുള്ള സ്റ്റേറ്റ്മെന്റ് പ്രകാരം-21056843 /-

9. 2018-19 ലെ ബാലൻസ് ഷീറ്റിലെ B5 ഷെഡ്യൂൾ പ്രകാരം KURDFC ലോൺ ഉനത്തിൽ തിരിച്ചടയ്ക്കാനുള്ളതുക 14682769 - *രൂപയും റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ RP-32 പ്രകാരം തൻവർഷത്തെ വരവ് തുക 4933719 രൂപയും ആണ്. 6105* / 19 Fin *1.08.19 , 10050* / 2019/fin /21.12.19 എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം ഉറവിടത്തിൽ തന്നെ യഥാക്രം 661765 /- , 661764 /- തുകകൾ കുറവ് ചെയ്തിട്ടുണ്ട് , ഇപ്രകാരം KURDFC ലോൺ ഉനത്തിൽ തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന തുക 18292959 /- രൂപയാണ് , എന്നാൽ ബാലൻസ് ഷീറ്റിലെ B5 ഷെഡ്യൂൾ പ്രകാരം 18145900 /- രൂപയാണ് തിരിച്ചടയ്ക്കാൻ അവശേഷിക്കുന്നത്

10 . വസ്തുനികുതി- അരിയർ ,ഡിമാൻഡ്, കളക്ഷൻ ബാലൻസ് തുകകൾ വാർഷിക കണക്കും സഞ്ചയ പ്രകാരമുള്ള തുകയുമായി ഒത്ത് നോക്കി പരിശോധിക്കുന്നതിനാവശ്യമായ സഞ്ചയയിൽ നിന്നുള്ള ഡി സിബി സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

11. തൻവർഷത്തെ ഇൻകം & എക്സ്പന്റീച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-18 ൽ വസ്തുനികുതി ഇനത്തിലെ വരവ് ഉൾപ്പെട്ടിട്ടുണ്ട് . വരവിന്റെ ആധികാരികത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയില്ല

12. ബി-4 ഷെഡ്യൂളിലെ കോഡ് നമ്പർ 320800101- ബെനിഫിഷ്യറി കോൺട്രിബ്യൂഷൻ എന്ന ഹെഡ്ഡിൽ അവശേഷിക്കുന്ന തുക 89514 രൂപയാണ്. ഇത് മുൻവർഷങ്ങളിലെ നീക്കിയിരിപ്പും നടപ്പു വർഷത്തെ നീക്കിയിരിപ്പും ചേർന്നതാണ്. ഇതിൽ നിന്നും സ്പിൽ ഓവർ പ്രോജക്ടുകൾക്കായി നൽകാനുള്ള തുകയ്ക്കശേഷമുള്ള നീക്കിയിരിപ്പ് എത്രയാണെന്ന് അറിയിക്കാൻ ആവശ്യപ്പെട്ടിട്ടും മറുപടി ലഭ്യമായില്ല.

13. ബാലൻസ് ഷീറ്റിൽ B4 ഷെഡ്യൂൾ Grants Funds & Contributions For Specific Purpose Other Govt Agencies Tottal Sanitation ഇനത്തിൽ 1290751 /- രൂപ അവശേഷിക്കുന്നുണ്ട് , ഈ തുക ചെലവഴിക്കാത്ത പക്ഷം തിരിച്ചടക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

മുന്നിരിപ്പ്	13218593.91
വരവ്	49402625
ആകെ	62621218.91
ചെലവ്	47253670

നീക്കിയിരിപ്പ്	15367548.91

1-4 ഫണ്ട് വിനിയോഗം (ACR പ്രകാരം)

ഫണ്ടിനം	മുൻബാക്കി	തൻവർഷ വരവ്	ആകെ	ചെലവ്	ലാപ്സായ തുക
വികസന ഫണ്ട് (ജനറൽ)	0	18940471	18940471	10333149	8607322
വികസന ഫണ്ട് (എസ്.സി.പി.)	0	5265941	5265941	1974790	3291151
വികസന ഫണ്ട് (ടി.എസ്.പി	0	0	0	0	0
സംരക്ഷണ ഗ്രാൻറ് (റോഡ്)	0	2504000	2504000	646351	1857649
സംരക്ഷണ ഗ്രാൻറ് (റോഡിതരം)	0	3780000	3780000	2644552	1135448
13-ാം ധനകാര്യ കമ്മീഷൻ അവാർഡ്	0	9278287	9278287	2840311	6437976

9

1-5 പദ്ധതി അവലോകനം

വർഷം	അംഗീകാരംലഭിച്ചത്(എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് എണ്ണം	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത് എണ്ണം	നടപ്പാക്കാത്തവ എണ്ണം	പൂർത്തീകരിച്ച പ്രോജക്കുകളുടെ %
2019-20	151	105330558	84	35839293	0	67	55

1-6 തൊഴിലുറപ്പു പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരുപ്പ്
ഭരണ ചെലവുകൾ	6529	1255220	1261749	1260579	1170
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത്	0	21064531	21064531	21064531	0
ആകെ	6529	22319751	22326280	22325110	1170

1-7 ക്ഷേമപദ്ധതികൾ

ഇനം	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെഎണ്ണം

തൊഴിൽരഹിത വേതനം	86640	52
കർഷകതൊഴിലാളി പെൻഷൻ	8038200	63
വിധവാപെൻ ഷൻ	2948400	27
വാർദ്ധക്യകാല പെൻഷൻ	5530500	81
വികലാംഗപെൻഷൻ	1467300	18
അവിവാഹിതരായ 50 വയസ്സിനുമുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം	338400	5

1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന11-03-22 ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 45419/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.7.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. താഴെപ്പയുന്നവ കൂടി പരിഗണിച്ച് അഭ്യന്തര നിയന്ത്രണം സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1.ഭരണ സമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

2. വിവിധ നികുതിയിനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകൾ കൃത്യമായി എഴുതി വർഷാവസാനം സംക്ഷിപ്ത വിവരം രേഖപ്പെടുത്തി ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

3.ഗ്രാമപഞ്ചായത്തിലെ വിവിധ വർക്കിംഗ് ഗ്രൂപ്പുകൾ ബന്ധപ്പെട്ട മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും സാധ്യതകളും കണ്ടെത്തി പ്രശ്നപരിഹാരനിർദേശങ്ങൾ രൂപീകരിക്കുക എന്ന പ്രാഥമിക ചുമതലയിൽ ഒതുക്കിയിരിക്കുന്നതായി കാണുന്നു. വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതി രൂപീകരണത്തിനുള്ള നിർദേശങ്ങൾ ലഭ്യമാക്കിയതിനുശേഷം മേൽ പദ്ധതികളുടെ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതുണ്ട്.

4.തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായമാക്കിയാൽ കറന്റ് ചാർജ് വീണ്ടും കുറയുമെന്നുള്ളതിനാൽ ഇവ മീറ്റേഡ് സിസ്റ്റത്തിലാക്കാൻ ശ്രമിക്കേണ്ടതാണ് .

5. പ്രവർത്തനക്ഷമമായ പൊതു ടാപ്പുകളുടെ എണ്ണത്തിന് അനുസൃതമായി വെള്ളക്കരം ഒടുക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

1-10 മൊബൈൽ ടവറിന്റെ വസ്തു നികുതി -2013 മുതൽ കുടിശ്ശിയായി നിലനിൽക്കുന്നു.

ഗ്രാമപഞ്ചായത്തിലെ ബി.എസ്.എൻ.എൽ മൊബൈൽ ടവറിന്റെ 2013-14 മുതൽ 2018-19 സാമ്പത്തിക വർഷം വരെയുള്ള വസ്തു നികുതി കുടിശ്ശിക 31500/-രൂപ ഈടാക്കാൻ 2018-19 ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്നു.എന്നാൽ ഈ ടവറിന്റെ വസ്തു നികുതി പുനർനിർണ്ണയിക്കണമെന്ന് സൂചിപ്പിച്ച് 20.12.19 ൽ അപേക്ഷ സമർപ്പിക്കുകയും ആയത് പ്രകാരം പഞ്ചായത്ത് ടി ടവറിന് അസ്സസ്സ് ചെയ്ത് ഡിമാന്റ് നോട്ടീസ് നൽകിയിരുന്നു.തുടർന്ന് 2021 എപ്രിൽ മാസത്തിൽ പഞ്ചായത്ത് അസ്സസ്സ് ചെയ്ത തുകയല്ല വസ്തു നികുതി ഇനത്തിൽ തരേണ്ടതെന്നും അതിൽ നിന്നും കുറഞ്ഞ ഒരു തുക കണക്കുകൂട്ടി ആയതാണ് തരേണ്ടതെന്നും സൂചിപ്പിച്ച് 23233/- രൂപ സെക്രട്ടറിയുടെ അക്കൗണ്ടിൽ അടവാക്കിയിട്ടുണ്ട്.എന്നാൽ പഞ്ചായത്ത് ടി തുക തെറ്റാണെന്നും ശരിയായ തുക കണക്കാക്കിയ രീതി (Form 6) Arrear Demand,Demand Notice എന്നിവ നല്കിയിരുന്ന 12.03.2021 ൽ R.R.Notice നൽകുകയും

Req.No.2021/05.21 Dtd 19.05.2021 പ്രകാരം R.R.Online ചെയ്തിട്ടുള്ളതായും അറിയിച്ചിട്ടുണ്ട്.. 2019-20,2020-21 വർഷങ്ങളിലെ നികുതിയും കുടിശ്ശികയായി നിലനിൽക്കുന്നു.തുടർനടപടി വിവരങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-11 തൊഴിൽ നികുതി ഈടാക്കിയില്ല.

1994 ലെപഞ്ചായത്ത് രാജ് നിയമം വകുപ്പ് 204,205,1996ലെ കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ അറുപത് ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന ഓരോ കമ്പനിയുടെയും, പൊതുവോ,സ്വകാര്യമായതോ ആയ ഏതെങ്കിലും തൊഴിലിൽ ഏർപ്പെടുന്ന ഏതൊരു സ്ഥാപനം/വ്യക്തിയിൽ നിന്നും ചട്ടങ്ങളിൽ നിഷ്കർഷിക്കും പ്രകാരം അവരുടെ ആദായം അല്ലെങ്കിൽ വിറ്റുവരവ് ആസ്പദമാക്കി ഓരോ അർദ്ധവർഷവും തൊഴിൽ നികുതി ചുമത്തേണ്ടതാണ്. എന്നാൽ 2019-20 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി സംബന്ധിച്ച രജിസ്റ്ററുകളും റിട്ടേണുകളും പരിശോധിച്ചതിൽ ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരിൽ നിന്നും നികുതി ഈടാക്കിയില്ല.

1.താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ക്രമ നം.	സ്ഥാപനം	അർദ്ധവർഷം
1	പോസ്റ്റോഫീസ് ,പണ്ടാരക്കുളം	1&2
2	പോസ്റ്റോഫീസ് ,പൊങ്ങ	1&2
3	MGNREGS, നെടുമുടി ഗ്രാമപപഞ്ചായത്ത്	2

2.പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചു വരുന്ന അംഗീകൃത കരാറുകാർ, ക്ഷീര സഹകരണ സംഘങ്ങളിലെ ജീവനക്കാർ, റേഷൻ കടയുടമകൾ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിട്ടില്ല.

3.സ്ഥാപന നികുതി ഈടാക്കിയിട്ടില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങളുടെ സ്ഥാപനനികുതി ഒടുക്കിയിട്ടില്ല

ക്രമനം	സ്ഥാപനം	അർദ്ധവർഷം
1	ഫെഡറൽ ബാങ്ക്,ചമ്പക്കുളം	1&2
2	കേരളാ സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ സെയിൽസ് ഔട്ട് ലെറ്റ്, നെടുമുടി	1&2
3	സർവ്വീസ് സഹകരണ ബാങ്ക് നം. 87	1&2
4	സർവ്വീസ് സഹകരണ ബാങ്ക് നം. 122	2
5	എസ്.ബി.ഐ, ചമ്പക്കുളം	2
6	ആലപ്പുഴ ജില്ലാ സഹകരണ ബാങ്ക് ,ചമ്പക്കുളം	2

കൂടാതെ തൊഴിൽനികുതി രജിസ്റ്റർ പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികളിൽ നിന്നും ഗ്രാമ പഞ്ചായത്തിലെ വിവിധതരം പ്രവൃത്തികൾ കരാർ പ്രകാരം ഏറ്റെടുത്തു നടത്തുന്ന കരാറുകാരിൽനിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.മേൽ സൂചിപ്പിച്ച സ്ഥാപനങ്ങൾ നിന്നും ജീവനക്കാരിൽ നിന്നും നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻകയറി നം(14/17.3.2022)നൽകിയതിന് മറുപടി ലഭിച്ചിട്ടില്ല. തൊഴിൽ നികുതി പലിശസഹിതം ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-12 ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് സംബന്ധിച്ച്

1996 ലെ പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭകപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് എസ്.ആർ.ഒ നം.674/2017 Dt.31.10.2017(സ.ഉ നം.80/2017/ തസ്വഭവ തിയതി 31/10/2017) പ്രകാരം വന്ന ഭേദഗതികൾ പ്രകാരം സ്ഥാപനത്തിന്റെ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ പട്ടിക 2 പ്രകാരമാണ് ലൈസൻസ് ഫീസ് ഈടാക്കേണ്ടത്. എന്നാൽ അപേക്ഷകളിൽ മൂലധന നിക്ഷേപത്തിന്റെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്. 1.പഞ്ചായത്തിൽ കുറെ അധികം സ്ഥാപനങ്ങളിൽ നിന്ന് ലൈസൻസ് ഫീസ് 500 രൂപയിൽ കുറവ് ഈടാക്കിയതായി കാണുന്നു.

ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ ന	അപേക്ഷകൻ/കെട്ടിട നമ്പർ	സ്ഥാപനം	രസീത് നം	ലൈസൻസ് ഫീ
1	വേണുഗോപൻ.കെ ബി 9/112	ജൗളി വ്യാപാരം	118040101962/02.03.19	200

2	ഡെയ്സി ജോസ് 9/190	ജൗളി വ്യാപാരം	118040101969/02.03.19	200
3	തോമസ് ജോസഫ് 9/639	ഇലക്ട്രിക്കൽ,പ്ലംബിംഗ്,സാനിട്ടറി	118040101982/02.02.19	200
4	തോമസ് ദേവസ്യ 9/632	ജൗളി വ്യാപാരം	118040101983/02.03.19	200
5	ടെസ്സി ജോസ് 9/631	സ്റ്റോഷനറി	118040101984/09.03.19	200
6	ജോർജ്ജ് ആന്റണി 9/06	ഹാർഡ് വെയർ	18040101988/02.03.19	200
7	ഔസേപ്പ് സെബ്യസ്റ്റ്യൻ	ഇരുമ്പ് വ്യാപാരം,ഗ്ളാസ്,പെയിന്റ്,സിമന്റ് ഷീറ്റ്	18040101989/02.03.19	200
8	സണ്ണിച്ചൻ തോമസ്	പ്ലംബിംഗ്&ഹാർഡ് വെയർ	18040101996/02.03.19	200
9	ആന്റണി എ ജെ	ഇലക്ട്രിക്കൽ,പ്ലംബിംഗ്&ഹാർഡ് വെയർ	118040102000/02.03.19	200
10	എം സി ഉണ്ണികൃഷ്ണൻ നായർ 5/251	സ്റ്റോഷനറി& ക്ലൾബാർ	118040102213/20.03.19	100

2.ഡി & ഒ. ലൈസൻസ് നേടുന്നതിന് ആവശ്യമായ നിരാക്ഷേപ പത്രങ്ങൾ അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടില്ല. (ഫാക്ടറീസ് & ബോയിലേഴ്സ് സർട്ടിഫിക്കറ്റ്, മലിനീകരണ നിയന്ത്രണ ബോർഡിന്റെ ക്ലിയറൻസ് സർട്ടിഫിക്കറ്റ്, ഫയർ & സേഫ്റ്റി സർട്ടിഫിക്കറ്റ് മുതലായവ) ഇല്ല. ഉദാ:-

ക്രമ നം.	അപേക്ഷകൻ/കെട്ടിട നം.
1	നിർമ്മല ജോസഫ്, അഞ്ചിൽ ഏജൻസിസ്,13/1A വളം, കീടനാശിനി വില്പന
2	പേരയിൽ ആഗ്രോ ഏജൻസിസ്,ചമ്പക്കുളം വളം, കീടനാശിനി വില്പന
3	സൂര്യ പ്രകാശ് അമല ആഗ്രോ ഏജൻസിസ് കീടനാശിനി വ്യാപാരം 4/389
4	എ.പി ജോർജ്ജ് മേക്കാട്ടിൽ ഏജൻസിസ്,വളം,കീടനാശിനി വ്യാപാരം 1/122A

കേരള പഞ്ചായത്ത് രാജ് വകുപ്പ് 233(4) (ബി) പ്രകാരം ആരോഗ്യ സ്ഥാപനങ്ങൾ ആരംഭിക്കുമ്പോൾ (ആശുപത്രി, ക്ലിനിക്, ക്ലിനിക്കൽ ലബോറട്ടറി, പാരാമെഡിക്കൽ സ്ഥാപനം, മറ്റേതെങ്കിലും ആരോഗ്യ സ്ഥാപനം എന്നിവയ്ക്ക് ജില്ലാ മെഡിക്കൽ ഓഫീസറുടെ സമ്മതപത്രം, മലിനീകരണ നിയന്ത്രണ ബോർഡിന്റെ സാക്ഷ്യപത്രം മുതലായവ ആവശ്യമാണ്. . ആവശ്യമായ സർട്ടിഫിക്കറ്റുകൾ സമർപ്പിക്കാത്ത അപേക്ഷകർക്ക് ഡി. & ഒ. ലൈസൻസ് നല്കിയിരിക്കുന്നു.

ക്രമ നം.	അപേക്ഷകൻ/കെട്ടിട നം.
1	ഷേർളി മൈക്കിൾ ക്ലിനിക്കൽ ലബോറട്ടറി 9/127c
2	കെ പി രാജപ്പൻ ശ്രീ പത്മ മെഡിക്കൽ സ്റ്റോർ

	9/259
3	വർഗ്ഗീസ് ആന്റണി ന്യൂ വൈപ്പംമഠം മെഡിക്കൽസ് 9/140
4	കെ ജി മോഹനൻ പിള്ള കൈരളി മെഡിക്കൽസ്
5	രേഖ. വി ജി വാടശ്ശേരി മെഡിക്കൽസ്
6	ഡോ. ഉഷ ബി നായർ ദന്റൽ ക്ലിനിക്

3) പ്രഫഷണൽസിൽനിന്നും ഒരു സാമ്പത്തിക വർഷം 2500/- രൂപ തൊഴിൽ നികുതിയായി ഈടാക്കേണ്ടതാണെങ്കിലും കുറഞ്ഞ നിരക്കിലാണ് നികുതി ഈടാക്കിയിരിക്കുന്നത്.

ക്രമ നം.	അപേക്ഷകൻ	ഈടാക്കിയത്	കുറവ്
1	ഡോ. സൂര്യ ആർ നായർ ലക്ഷ്മി നാരായണ ആയുവേദ ഫാർമസി	900	1600
2	ഡോ. അഞ്ജന എച്ച് അമൃതം ഹോമിയോപ്പതിക് ക്ലിനിക്ക്	1500	1000
3	ഡോ.കുരുവിള കുര്യൻ കിഴക്കും വേലിത്തറ ഹോമിയോ ക്ലിനിക്ക്	900	1600
4	ഡോ.ജോർജ്ജ് ജോസഫ് സെന്റ് ജോസഫ് ആയുർവേദ വൈദ്യശാല	900	1600
	കുറവ്		5800

പ്രഫഷണൽസിൽ നിന്ന് വരുമാനത്തിനടിസ്ഥത്തിനാണ് തൊഴിൽ നികുതി ഈടാക്കിയിട്ടുള്ളത് എന്നാണ് ഓഡിറ്റ് അന്വേഷണം നം.13/17.03.22ന് മറുപടി നൽകിയിട്ടുള്ളത്. വരുമാനചോർച്ചയുണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-13 ലേല കുടിശ്ശിക

പഞ്ചായത്തിലെ ലേല രജിസ്റ്റർ പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിലുള്ള പാലത്തിക്കാട് കടത്ത് 160000/- രൂപയ്ക്ക് ലേലം കൊണ്ട ശ്രീ സുനിൽ കുമാർ വി വി,വെളിയനത്തറ എന്നയാൾ 99,000/- രൂപ കുടിശ്ശിക വരുത്തിയിട്ടുള്ളതും ,പുത്തൻ പറമ്പ് കടത്ത് 50200/- രൂപയ്ക്ക് ലേലം കൊണ്ട ശ്രീ സിജിലേഷ്,കരുമാലിൽ ,പത്തിൽച്ചിറ എന്നയാൾ 32200/- രൂപ കുടിശ്ശിക വരുത്തിയിട്ടുള്ളതുമായി ആകെ കുടിശ്ശിയിനത്തിൽ 121000/-രൂപ നിലനിൽക്കുന്നു. കുടിശിക തിരികെ ഈടാക്കാൻ സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ ആരാഞ്ഞു നല്കിയ ഓഡിറ്റ് അന്വേഷണം നം.12/16.03.22ന് മറുപടി ലേലതുകയുടെ ബാക്കി അടവാക്കുന്നതിന് നിർദ്ദേശിച്ച് മേൽ വ്യക്തികൾക്ക് 17.09.2019,17.01.2020,10.30.2020 കത്ത് നൽകിയിട്ടും കുടിശ്ശിക അടവാക്കാതിരുന്നെതിനെ തുടർന്ന് 12.10.2020 തീയതിയിൽ റവന്യു റിക്കവറിയ്ക്കായി RR Online,REQ.No.2020/3908/04 Dt 13.10.2020 നൽകിയിട്ടുള്ളതായിഅറിയിച്ചിട്ടുണ്ട്.തുടർ നടപടി വിവരങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-14 ഗ്രാൻറ് വിനിയോഗം -നഷ്ടപ്പെടുത്തിയത് 2.13കോടി രൂപ

ഗ്രാമ പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി സർക്കാരിൽ നിന്നും അലോട്ട്മെന്റ് ആയി ലഭിച്ച തുകകൾ പൂർണ്ണമായി വിനിയോഗിക്കുന്നതിൽ വീഴ്ച വരുത്തിയതുമൂലം 2.13 കോടി രൂപ പാഴായി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന അലോട്ട്മെന്റിൽ ചെലവഴിക്കാതെ ബാക്കിയായത് സഞ്ചിതനിധിയിലേക്ക് തിരികെ പോകുമെന്നതിനാൽ ചെലവഴിക്കപ്പെടാതെ ബാക്കിയാകുന്ന തുകകൾ തൻവർഷം നഷ്ടപ്പെടുകയാണ് ചെയ്യുന്നത്(തിരികെ ലഭിക്കുന്ന 10% തുക കിഴിച്ച്). ഗ്രാമ പഞ്ചായത്തിന് സർക്കാർ അനുവദിച്ച വിവിധ ഫണ്ടുകളിൽ ചെലവഴിക്കപ്പെടാത്ത തുകയുടെ ഇനം തിരിച്ചുള്ള വിവരം താഴെ ചേർക്കുന്നു.

ഫണ്ട്	ചെലവഴിക്കപ്പെടാത്ത തുക
വികസന ഫണ്ട് ജനറൽ	8607322
വികസന ഫണ്ട് എസ്.സി.പി.	3291151

മെയിന്റനൻസ് ഗ്രാന്റ് റോഡ്	1857649
മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ്	1135448
ധനകാര്യ കമ്മീഷൻ ഗ്രാന്റ്	6437976
ആകെ	21329546

വർഷാവസാനം ചെലവഴിക്കാതെ ബാക്കിയാകുന്ന ഫണ്ടുകൾ പാഴാകുന്നതാണെന്നിരിക്കെ പദ്ധതി പണം ചെലവഴിക്കുന്നതിൽ ഗ്രാമ പഞ്ചായത്ത് വേണ്ടത്ര മുന്നൊരുക്കം നടത്തുന്നില്ല. ഇപ്രകാരം ഫണ്ട് നഷ്ടപ്പെടുന്നതുവഴി അതിൽനിന്നു ലഭ്യമാകുന്ന ആസ്തികളും വികസന ക്ഷേമ പ്രവർത്തനങ്ങളും ജനങ്ങൾക്ക് നഷ്ടമാകുന്നു. ഫണ്ടു വിനിയോഗത്തിലെ ഈ പോരായ്മ പരിഹരിക്കുന്നതിന് പദ്ധതി നടത്തിപ്പിൽ കൂടുതൽ ജാഗ്രതയും ദീർഘവീക്ഷണവും ഭാവിയിൽ ഉണ്ടാകേണ്ടതുണ്ട്. ആയതിനാൽ പോരായ്മകൾ പരിഹരിച്ച് വരും വർഷങ്ങളിൽ സർക്കാർ അനുവദിക്കുന്ന ഫണ്ടുകൾ സമയബന്ധിതമായി വിനിയോഗിക്കേണ്ടതാണ്. ഈ വിഷയം ഗ്രാമ പഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

1-15 പാലിയേറ്റീവ് കെയർ മാർഗ്ഗരേഖ പാലിക്കാത്തതു മൂലം പഞ്ചായത്തിന് നഷ്ടം-62040 രൂപ

പ്രോജക്ട് നമ്പർ, പേര്	S0023/19-20, പാലിയേറ്റീവ് പരിചരണം
അടങ്കൽ	വികസന ഫണ്ട് - 400000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം- 205000 ---------- 605000
ചെലവ്	ട്രഷറി ബിൽ നം.02/19-20/07.09.19 - 175500 03/19-20/23.03.20- 92641 05/19-20/31.03.20- 69885 06/19-2031.03.20 - 61974 ബ്ലോക്ക് വിഹതം - 105000 ---------- 505000
നിർവ്വഹണ ഉദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ, ചെമ്പുംപുറം സി.എച്ച്.സി

സർക്കാർ ഉത്തരവ് (സാ.ധാ) നം.553/2019/ത.സ്വ.ഭ.വ. തീയതി 07.03.19 പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ- മാർഗ്ഗരേഖ- 2.8.3- തദ്ദേശ സ്ഥാപനത്തിന്റെ വാഹനം ലഭ്യമാക്കാൻ കഴിയാത്ത സാഹചര്യത്തിൽ, വാഹനം ദിവസ/മാസ വാടകയ്ക്ക് എടുക്കാവുന്നതാണ്. നിർവ്വഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ സ്റ്റോർ പർച്ചേസ് മാനദണ്ഡ പ്രകാരം ക്വട്ടേഷൻ ക്ഷണിച്ച് , ഏറ്റവും കുറഞ്ഞ പ്രതി ദിന / പ്രതി മാസ നിരക്ക് ക്വോട്ട് ചെയ്യുന്ന വാഹനമായിരിക്കണം വാടകയ്ക്ക് എടുക്കേണ്ടത്. ക്വട്ടേഷൻ പാലിയേറ്റീവ് കെയർ മാനേജ് മെന്റ് കമ്മിറ്റി അംഗീകരിക്കേണ്ടതാണ്.ഒരിക്കൽ അംഗീകരിച്ച ക്വട്ടേഷന്റെ കാലാവധി ഒരു വർഷമായിരിക്കും. കാലാവധി അവസാനിക്കുന്നതിനു മുൻപ് പുതിയ ക്വട്ടേഷൻ ക്ഷണിച്ച് പാലിയേറ്റീവ് കെയർ മാനേജ് മെന്റ് കമ്മിറ്റിയുടെ അംഗീകാരം വാങ്ങിക്കേണ്ടതാണ്. പൊതു സമൂഹം വലിയ തോതിൽ പിന്തുണ നൽകുന്ന പദ്ധതി എന്ന നിലയിൽ ഏറ്റവുംകുറഞ്ഞ നിരക്കിൽ വാഹനം ലഭിക്കുവാനുള്ള സാധ്യത പരമാവധി ഉപയോഗപ്പെടുത്താൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ- മാർഗ്ഗരേഖ- 2.8.3 യുടെ ലംഘനങ്ങൾ താഴെച്ചേർക്കുന്നു.

1. എന്നാൽ പൊതു തെരഞ്ഞെടുപ്പിന്റെ പെരുമാറ്റച്ചട്ടം വരുമെന്നറിഞ്ഞിട്ടും അതനുസരിച്ച് മുൻകൂട്ടി ക്വൊട്ടേഷൻ ക്ഷണിച്ച് പലിയേറ്റീവ് മാനേജ്മെന്റ് കമ്മിറ്റിയുടെ അംഗീകാരം വാങ്ങാത്തതു കാരണം01.04.2019 മുതൽ 27.06.19 ലെ യോഗത്തിൽ പുതിയ ക്വൊട്ടേഷൻ അംഗീകരിക്കുന്നതു വരെ വാഹനം വാടകയ്ക്ക് എടുക്കുന്നതിന് കരാർ ഇല്ലായിരുന്നു.

2. പൊതു സമൂഹം വലിയ തോതിൽ പിന്തുണ നൽകുന്ന പദ്ധതി എന്ന നിലയിൽ ഏറ്റവുംകുറഞ്ഞ നിരക്കിൽ വാഹനം

ലഭിക്കുവാനുള്ള സാധ്യത പരമാവധി ഉപയോഗപ്പെടുത്താൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.ഇത് പാലിക്കപ്പെട്ടില്ല. കരാറില്ലാതിരുന്ന 01.04.2019 മുതൽ പുതിയ ക്വട്ടേഷനുകൾ പൊട്ടിച്ച 27.06.19 വരെയുള്ള ദിവസങ്ങളിൽ പ്രതിദിനം 1000രൂപയാണ് കരാറുകാരന് നൽകിയിട്ടുള്ളത്. (2018-19ലെയും 2019-20 ലെയും കരാറുകൾ പരിശോധനയ്ക്ക് ആവശ്യപ്പെട്ടിട്ടും ആയവ ലഭ്യമാക്കിയില്ല.) 27.06.19 മുതൽ 31.08.19 വരെയുള്ള ദിവസങ്ങളിലും 1000 രൂപയാണ് പ്രതിദിനം കരാറുകാരന് (ശ്രീ.സാബു. കെ.എൽ-66-4627) നൽകിയിട്ടുള്ളത്. പുതിയ ക്വട്ടേഷൻ പ്രകാരം കിലോമീറ്ററിന് 5 രൂപയാണ് നൽകേണ്ടത്. ഒരു ദിവസത്തെ ശരാശരി ഓട്ടം 40 കിലോമീറ്ററാണ്. 175 മുതൽ 225 രൂപവരെ നൽകേണ്ടിടത്താണ് പ്രതിദിനം 1000 രൂപനൽകിയിരിക്കുന്നത്. 01.09.2019 മുതൽ കരാർ പ്രകാരം 175-225 രൂപയാണ് പ്രതിദിനം നൽകിയിട്ടുള്ളത്.

18.04.2019 ലെ പാലിയേറ്റീവ് മാനേജ്മെന്റ് കമ്മിറ്റി യോഗത്തിൽ പുതിയ കരാർ നിലവിൽ വരുന്നതു വരെ പഴയ വണ്ടിയേയും ഡ്രൈവറെയും നിയമിക്കാൻ തീരുമാനിച്ചതിനു ശേഷമാണ് ഈ രീതിയിൽ തുക നൽകിയിട്ടുള്ളത്. പുതിയ കരാർ നിലവിൽ വരുന്നതു വരെ പഴയ കരാർ നീട്ടി നൽകുകയായിരുന്നു വേണ്ടത്. പൊതു സമൂഹം വലിയ തോതിൽ പിന്തുണ നൽകുന്ന പദ്ധതി എന്ന നിലയിൽ ഏറ്റവുംകുറഞ്ഞ നിരക്കിൽ വാഹനം ലഭിക്കുവാനുള്ള സാധ്യത പരമാവധി ഉപയോഗപ്പെടുത്തണം എന്ന സർക്കാർ നിർദ്ദേശം നിർവ്വഹണ ഉദ്യോഗസ്ഥൻ പാലിച്ചിട്ടില്ല.. ഇങ്ങനെ മാർഗ്ഗരേഖ ലംഘിച്ച് കരാറുകാരന് അന്യായ ലഭമുണ്ടാക്കാൻ നിർവ്വഹണ ഉദ്യോഗസ്ഥൻ അവസരമൊരുക്കുകയായിരുന്നു. ഇതു മൂലം പഞ്ചായത്തിനുണ്ടായ നഷ്ടത്തിന്റെ വിവരം താഴെച്ചേർക്കുന്നു.

01.04.2019 മുതൽ 27.06.19 വരെയുള്ള നഷ്ടം (ട്രഷറി ബിൽ നം .02/23.03.20-175500 രൂപ)

ക്രമ നം	തീയതി	നൽകിയ തുക	ടിപ്പ് ഷീറ്റ് പ്രകാരംഓടിയ ദൂരം	നിരക്ക്	നൽകേണ്ട തുക	അധികം നൽകിയത്
1	03.04.2019	1000	36	5	180	820
2	05.04.2019	1000	36	5	180	820
3	08.04.2019	1000	38	5	190	810
4	09.04.2019	1000	40	5	200	800
5	10.04.2019	1000	39	5	195	805
67	11.04.2019	1000	39	5	195	805
8	12.04.2019	1000	39	5	195	805
9	16.04.2019	1100	45	5	225	875
10	17.04.2019	1100	45	5	225	875
11	18.04.2019	1000	35	5	175	825
12	20.04.2019	1000	39	5	195	805
13	22.04.2019	1000	39	5	195	805
14	24.04.2019	1000	35	5	175	825
15	29.04.2019	900	34	5	170	730
16	30.04.2019	1000	40	5	200	800
17	01.05.2019	1000	40	5	200	800
18	03.05.2019	900	29	5	145	755
19	04.05.2019	900	30	5	150	750
20	06.05.2019	1000	36	5	180	820
21	07.05.2019	1100	45	5	225	875
22	09.05.2019	1000	39	5	195	805
23	10.05.2019	1000	36	5	180	820
24	13.05.2019	1000	37	5	185	815
25	14.05.2019	1000	40	5	200	800
26	15.05.2019	1000	36	5	180	820
27	16.05.2019	1000	35	5	175	825
28	17.05.2019	1000	36	5	180	820

29	20.05.2019	1000	40	5	200	800
30	21.05.2019	1000	39	5	195	805
31	24.05.2019	1000	36	5	180	820
32	27.05.2019	1000	40	5	200	800
33	01.06.12019	1000	35	5	175	825
34	03.06.2019	1000	36	5	180	820
35	06.06.2019	1000	36	5	180	820
36	07.06.2019	1000	36	5	180	820
37	10.06.2019	1000	40	5	200	800
38	11.06.2019	1000	38	5	190	810
39	13.06.2019	1000	35	5	175	825
40	15.06.2019	1000	35	5	175	825
41	17.06.2019	1000	38	5	190	810
42	18.06.2019	1100	45	5	225	875
43	21.06.2019	1000	40	5	200	800
44	22.06.2019	1000	36	5	180	820
45	24.06.2019	1000	40	5	200	800
46	25.06..2019	900	34	5	170	730
47	26.06.2019	1000	35	5	175	825
			ആകെ			37340

28.06.2019 മുതൽ31-08-19 വരെ(കരാർനിലവിൽ വന്നതിനു ശേഷം നൽകിയത്) ട്രഷറി ബിൽ നം.02/23.03.20-175500)

ക്രമ നം	തീയതി	നൽകിയ തുക	ഓടിയ ദൂരം	നിരക്ക്	നൽകേണ്ട തുക	അധികം നൽകിയത്
1	28.06.2019	1000	35	5	175	825
2	01.07.2019	1000	38	5	190	810
3	02.07.2019	1000	36	5	180	820
5	03.07.2019	1000	35	5	175	825
6	05.07.2019	1000	35	5	175	825
7	06.07.2019	900	33	5	165	735
8	08.07.2019	1000	36	5	180	820
9	09.07.2019	1000	39	5	195	805
10	10.07.2019	1000	35	5	175	825
11	11.07.2019	1000	36	5	180	820
12	12.07.2019	1000	36	5	180	820
13	16.07.2019	1000	45	5	225	775
14	17.07.2019	1000	36	5	180	820
15	19.07.2019	1000	40	5	200	800
16	22.07.2019	1000	43	5	215	785
17	23.07.2019	1000	35	5	175	825
18	29.07.2019	1000	40	5	200	800
19	02.08.2019	1000	39	5	195	805
20	03.08.2019	1000	35	5	175	825
21	05.08.2019	1000	35	5	175	825
22	06.08.2019	1000	39	5	195	805

23	07.08.2019	1000	36	5	180	820
24	09.08.2019	1000	37	5	185	815
25	12.08.2019	1000	35	5	175	825
26	14.08.2019	1000	35	5	175	825
27	15.08.2019	1000	36	5	180	820
28	16.08.2019	900	34	5	170	730
29	17.08.2019	1000	36	5	180	820
30	19.08.2019	1000	40	5	200	800
31	20.08.2019	1000	35	5	175	825
32	21.08.2019	1000	36	5	180	820
	ആകെ					25095

പഞ്ചായത്തിനുണ്ടായ ആകെ നഷ്ടം 62435 (37340+25095) രൂപ ഉത്തരവാദിയായ നിർവഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിലൊടുക്കി വിവരം അറിയിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻകയറിക്ക് മറുപടി ലഭിച്ചില്ല. തുക തിരികെ ഈടാക്കി ഒടുക്കുവാൻ നിലവിലെ ഭരണ സമതി ശ്രദ്ധിക്കേണ്ടതാണ്.

1-16 ഗുണഭോക്തൃ വിഹിതം ഈടാക്കാത്തതു മൂലം പഞ്ചായത്തിന് നഷ്ടം _

പ്രോജക്ട് നം, പേര്	S068/19-20, കിഴങ്ങു വർഗ്ഗ കിറ്റ് വിതരണം
അടങ്കൽ	വികസന ഫണ്ട്-100000
ചെലവ്	100000
നിർവ്വഹണ ഉദ്യോഗസ്ഥൻ	കൃഷി ഓഫീസർ

കിഴങ്ങു വർഗ്ഗ കിറ്റ് വിതരണം എന്ന പ്രോജക്ടിലൂടെ വി.എഫ്.പി.സി.കെയുടെ VFPCKALP913/21.11.2019 എന്ന ഇൻവോയ്സ് മുഖേന താഴെപ്പറയുന്നവ 100000 രൂപയ്ക്ക് വാങ്ങി വിതരണം ചെയ്തിട്ടുണ്ട് (ട്രഷറി ബിൽ നം.06/19-20 /18.01.20-100000 രൂപ.)

ക്രമ നമ്പർ	ഇനം	അളവ് (കിലോഗ്രാം)	നിരക്ക്	തുക
1	ചേന	800	45	36000
2	ചേമ്പ്	400	70	28000
3	ഇഞ്ചി	300	80	24000
4	മഞ്ഞൾ	300	40	12000
ആകെ				100000

സർക്കാർ ഉത്തരവ് (കൈ) നം.22/2018/ത.സ്വ.ഭ.വ. കൃഷി ക്രമ നമ്പർ (4) പ്രകാരം കിഴങ്ങു വർഗ്ഗങ്ങൾക്ക് 100% സബ്സിഡി അനുവദിക്കാവുന്നതാണ്. ക്രമ നം(5) പ്രകാരം മറ്റ് ഫല പുഷ്പ- ഔഷധ സസ്യകൃഷിക്കുള്ള വിത്തുകളും തൈകളും,തെങ്ങിൻ തൈകളും ജാതിതൈകളും എന്ന ഇനത്തിന് പൊതു വിഭാഗത്തിൽ അനുവദിക്കാവുന്ന സബ്സിഡി 75 ശതമാനമാണ്. ആയതിനാൽ കിഴങ്ങു വർഗ്ഗത്തിൽ പെടാത്ത ഇഞ്ചി, മഞ്ഞൾ എന്നീ നടീൽ വസ്തുക്കൾക്ക് 25 ശതമാനം ഗുണഭോക്തൃ വിഹിതം ഈടാക്കേണ്ടതായിരുന്നു. ഇഞ്ചിയ്ക്ക് 6000 രൂപയും (24000 X 25%)മഞ്ഞളിന് 3000 (12000 X 25%) രൂപയുമായിരുന്ന ഗുണഭോക്തൃ വിഹിതമായി ഈടാക്കേണ്ടിയിരുന്നത്. എന്നാൽ ഗുണഭോക്തൃ വിഹിതം ഈടാക്കാതെ മുഴുവൻ തുകയും പ്ലാൻ ഫണ്ടിൽ നിന്നാണ് നൽകിയിട്ടുള്ളത്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ്

എൻകയറിക്ക് മറുപടിയായി ഔഷധമായി ഉപയോഗിക്കാത്ത വിളയായതു കൊണ്ടാണ് കിഴങ്ങ് വർഗ്ഗത്തിൽ ഉൾപ്പെടുത്തിയതെന്ന് അറിയിച്ചിട്ടുണ്ട്. ഈ മറുപടി തൃപ്തികരമല്ല. മറുപടിയിൽ തന്നെ ഇവ നടീൽ വസ്തുക്കളാണെന്ന് പറയുന്നുണ്ട്. ഗുണഭോക്തൃ വിഹിതം ഈടാക്കാത്തതു മൂലമുണ്ടായ നഷ്ടം 9000 രൂപ ഉത്തരവാദിയായ കൃഷി ഓഫീസറിൽ നിന്ന് ഈടാക്കി അറിയിക്കേണ്ടതാണ്.

1-17 വീട് പണി പൂർത്തിയാക്കാത്ത ഗുണഭോക്താക്കളിൽ നിന്നും ധനസഹായം തിരികെ ഈടാക്കുന്നില്ല.

ലൈഫ് ഭവന നിർമ്മാണ പദ്ധതിയിലുൾപ്പെട്ട താഴെപ്പറയുന്ന ഗുണഭോക്താക്കൾ ധനസഹായത്തിന്റെ ആദ്യ ഗഡുവായ 40000 രൂപ കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ ഇവരുടെ ഭവന നിർമ്മാണത്തിന് യാതൊരു പുരോഗതിയുമില്ല. മാത്രവുമല്ല, 21.06.19 ലെ പഞ്ചായത്ത് കമ്മിറ്റിയിൽ , ഉഷാ കുമാരി , കോട്ടു പറമ്പ്, ചമ്പക്കുളം എന്ന ഗുണഭോക്താവിന്റെ ഭർത്താവ് സർവ്വീസ് പെൻഷണർ ആയതിനാൽ ലൈഫ് പദ്ധതി മാർഗ്ഗരേഖ പ്രകാരം ഇവർക്ക് ധനസഹായം നല്കാൻ കഴിയുകയില്ലെന്നും വിശദീകരണം തേടണമെന്നും തീരുമാനിച്ചിരുന്നു. (തീരുമാനം 1). ശ്രീമതി ഉഷയുടെ ഭർത്താവ് സർവ്വീസ് പെൻഷണർ ആണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ സ്ഥിരീകരിച്ചിട്ടുണ്ട്.

ക്രമ നം	പേര്,മേൽവിലാസം	കൈപ്പറ്റിയ തുക	തുക കൈപ്പറ്റിയ തീയതി	നിർവ്വഹണ ഉദ്യോഗസ്ഥൻ
1	ഉഷാകുമാരി , കോട്ടുപറമ്പ് , ചമ്പക്കുളം, വാർഡ്-9	40,000	25.10.2018	വി.ഇ.ഒ, നെടുമുടി നോർത്ത്
2	നിർമ്മല, കരീത്ര	40,000	25.10.2018	ടി
3	സതിയമ്മ.ആർ, കോട്ടുപറമ്പ്, വാർഡ് 2	40,000	12.07.2018	വി.ഇ.ഒ, നെടുമുടി സൗത്ത്
	ആകെ	1,20,000		

ഭവന നിർമ്മാണം പൂർത്തീകരിക്കുകയോ നിർമ്മാണ പ്രക്രിയ തുടരുകയോ ചെയ്യാത്ത ഇവരിൽ നിന്ന് തുക തിരികെ ഈടാക്കാൻ ആർ.ആർ ഉൾപ്പടെ സ്വീകരിച്ച നടപടികളുടെ വിവരം അറിയിക്കേണ്ടതാണെന്ന് ഓഡിറ്റ് എൻകയറി മുഖേന ആവശ്യപ്പെട്ടതിന് ഇവർക്ക് നോട്ടീസ് നല്കിയിട്ടുണ്ടെന്നും ശ്രീമതി സതിയമ്മ വീടു പണി പൂർത്തികരിക്കുമെന്നും അറിയിച്ചിട്ടുണ്ട്.

അനർഹമായി ധനസഹായം കൈപ്പറ്റിയ ശ്രീമതി ഉഷയിൽ നിന്നും 40,000 രൂപ നിയമാനുസൃത പലിശ സഹിതം ഈടാക്കേണ്ടതാണ്. ശ്രീമതി നിർമ്മലയിൽ നിന്നും 40,000 രൂപ തിരികെ ഈടാക്കേണ്ടതാണ്. ശ്രീമതി സതിയമ്മ വീടു പണി ഇനിയും പൂർത്തീകരിക്കുന്നില്ലെങ്കിൽ തുക തിരികെ ഈടാക്കേണ്ടതുമാണ്.നടപടികളിലെ പുരോഗതി അറിയിക്കേണ്ടതാണ്.

1-18 പ്ലാൻ ഫണ്ടിൽ നിന്നും പിൻ വലിച്ചതും ചെലവാകാതെ അവശേഷിക്കുന്നതുമായ തുകകൾ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരികെ ഒടുക്കുന്നില്ല

പ്രോജക്ട് നം, പേര്	S0011/20, അഗതി, ആശ്രയ പദ്ധതികൾ
അടങ്കൽ	4,00,000
ചെലവ്	4,00,000
നിർവ്വഹണ ഉദ്യോഗസ്ഥ	അസി. സെക്രട്ടറി

അഗതി, ആശ്രയ പദ്ധതികൾക്കായി ട്രഷറി ബിൽ നം.01/19-20/24.08.19 പ്രകാരം 400000 രൂപ പിൻവലിച്ച് നെടുമുടി ഗ്രാമപഞ്ചായത്തിന്റെ സി.ഡി.എസ്. അക്കൗണ്ടിലേക്ക് (SBI-39439532382) നൽകിയിട്ടുണ്ട്. ഈ തുകയിൽ നിന്നും നാളിതു വരെ ഒരു ചെലവും നടത്തിയിട്ടില്ല. ആയതിനാൽ ഈ തുക കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരികെ ഒടുക്കേണ്ടതുണ്ട്. തുക തിരികെ ഒടുക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

പ്രസ്തുത അക്കൗണ്ട് പരിശോധിച്ചപ്പോൾ 23.02.22 ൽ 20,43,874 രൂപ നീക്കിയിരിപ്പ് ഉള്ളതായി കാണുന്നു. മുകളിൽ പറഞ്ഞതു പോലെ പ്ലാൻ ഫണ്ടിൽ നിന്നും ലഭിച്ച ചെലവാക്കാനാകാത്ത തു 1839660 രൂപ ഈ നീക്കിയിരിപ്പിലുണ്ടെന്ന്

പാസ്സ് ബുക്കിന്റെ പകർപ്പ് സഹിതം അറിയിച്ചിട്ടുണ്ട്. മേല്പറഞ്ഞ 4 ലക്ഷം രൂപ ഇതിലുൾപ്പെടുന്നതിനാൽ ബാക്കി 1439660 രൂപ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരികെ ഒടുക്കി രേഖകൾ സഹിതം വിവരം അറിയിക്കേണ്ടതാണ്.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകൃയറിക്ക്(03/17.03.22) പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന് വിധേയമായി തുക തിരികെ ഒടുക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

1-19 അംഗനവാടികൾക്ക് ഭക്ഷ്യവസ്തുക്കൾ ട്രാൻസ്പോർട്ടേഷൻ ചാർജ്ജിനത്തിൽ അധികം തുക നൽകി

പ്രൊജക്ട് നം - S0034/20

അടങ്കൽ - 800000 /- (വികസനഫണ്ട്)

- 200000 /- (ജില്ലാപഞ്ചായത്ത് ഷെയർ)

-200000 /(ബ്ലോക്ക് പഞ്ചായത്ത് ,ഷെയർ)

- 500000 / - (കേന്ദ്രാവിഷ്കൃത പരിപാടി)

ബിൽ നം – 4/19-20/ 11/10/19 രൂപ296347/-

അംഗനവാടികൾക്ക് ഭക്ഷ്യവസ്തുക്കൾ വിതരണം ചെയ്തതിന്റെ ട്രാൻസ്പോർട്ടേഷൻ ചാർജ്ജിനത്തിൽ കരാറുകാരന് അധികം തുക നൽകുകയുണ്ടായി. 9/19 ൽ ഇറക്കിയ ഭക്ഷ്യവസ്തുക്കളുടെ യും ആഗസ്റ്റ് മാസത്തിലെ THRS ന്റെ ട്രാൻസ്പോർട്ടേഷൻ ചാർജ്ജും 9/19 ലെ ബിൽ പ്രകാരം നൽകുകയുണ്ടായി .3639 കിലോഗ്രാം ഭക്ഷ്യവസ്തുക്കളും 534 കിലോഗ്രാം THRS ഉം ഉൾപ്പെടെ ആകെ -4173 കിലോഗ്രാം ഭക്ഷ്യവസ്തുക്കൾ ഇറക്കിയതിനാണ് 8346 /- രൂപ നൽകിയത് . എന്നാൽ കേന്ദ്രഫണ്ട് 383533 /- രൂപ ചെലവഴിച്ചതിൽ ആഗസ്റ്റ് 2019 ൽ ഇറക്കിയ 534 കിലോഗ്രാം അമൃതം പൊടിയുടെ ട്രാൻസ്പോർട്ടേഷൻ ചാർജ്ജിനത്തിൽ 1069 /- രൂപ കരാറുകാരന് വീണ്ടുംനൽകിയിട്ടുണ്ട് . ഒരു മാസത്തെ ഭക്ഷ്യവസ്തുവിന്റെ ട്രാൻസ്പോർട്ടേഷൻ ചാർജ്ജിനത്തിൽ രണ്ട് പ്രാവശ്യം തുക നൽകി എന്ന അപാകത ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (നം.7/17.03.22)ലഭ്യമാക്കിയ മറുപടിയിൽ ക്ലറിക്കൽ പിഴവ് കൊണ്ട് സംഭവിച്ച് പോയതാണെന്നും തുക തിരികെ ഒടുക്കുന്നതായിരിക്കും എന്ന് നിർവ്വഹണോദ്യഗസ്ഥ അറിയിക്കുകയുണ്ടായി.

1-20 മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തികൾ നടത്തിയിട്ടില്ല

31.5.19ലെ ലെ വൌച്ചർ 21900158/31.5.19, 21900159/31.5.19 എന്നിവ പ്രകാരം യഥാക്രമം 1,50,000/-രൂപ ശുചിത്വമിഷൻ ഫണ്ടിനത്തിലും 75,000/- രൂപ തനതുഫണ്ടും ഉൾപ്പെടെ ആകെ 2,25,000/- മെഡിക്കൽ ഓഫീസർക്ക് അനുവദിച്ചിരുന്നു. 15000/-രൂപ വീതം 15 വാർഡുകളിലേക്ക് ചെലവഴിക്കുന്നതിനുവേണ്ടിയാണ് മെഡിക്കൽ ഓഫീസർ ബന്ധപ്പെട്ട വാർഡ് ഹെൽത്ത് സാനിട്ടേഷൻ കമ്മറ്റികൾക്ക് അനുവദിച്ചിട്ടുള്ളത്. 6,7 എന്നീ വാർഡുകളുടെ ചെലവുരേഖകൾ പരിശോധിച്ചതിൽ 5,000/- രൂപ വീതം ടി വാർഡുകളിലെ ഹെൽത്ത് സാനിട്ടേഷൻ കമ്മറ്റികളുടെ ബാങ്ക് അക്കൌണ്ടിൽ ചെലവഴിക്കാതെ അവശേഷിക്കുന്നു. പകർച്ച വ്യാധികൾ പടർന്നു പിടിയ്ക്കുന്ന ഇക്കാലയളവിൽ ശുചീകരണ പ്രവർത്തികൾ നടത്താതിരുന്നതിന്റെ കാരണം വിശദീകരിയ്ക്കുന്നതിന് നല്കിയ ഓഡിറ്റ് അന്വേഷണം നം.18/18.03.22ന് മറുപടി നല്കിയിട്ടില്ല. തുക അക്കൌണ്ടിൽ ലഭിച്ച് മാസങ്ങളായിട്ടും അത് വിനിയോഗിച്ച് ശുചീകരണ പ്രവർത്തികൾ നടത്തിയിട്ടില്ല എന്നത് ക്രമവിരുദ്ധമായ നടപടിയാണ്. വിഷയം ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ചെലവഴിക്കാത്ത തുക ഹെൽത്ത് സാനിട്ടേഷൻ കമ്മറ്റികളുടെ അക്കൌണ്ടിൽ നിന്നും പിൻവലിച്ച് തനതുഫണ്ടിൽ നിക്ഷേപിക്കേണ്ടതാണ്.

1-21 ഗുണഭോക്തൃ തെരഞ്ഞെടുപ്പ് സുതാര്യമല്ല.

പതിമൂന്നാം പഞ്ച വത്സര പദ്ധതി മാർഗ്ഗരേഖ (ജി.ഒ.(പി) നം.11/2018 തീയതി 29.01.2018) ഖ. 11.3 ഗുണഭോക്താക്കളെ തെരഞ്ഞെടുക്കൽ അനുസരിച്ച് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കേണ്ട വിധം താഴച്ചേർക്കുന്നു.

1. അർഹരായ മുഴുവൻ പേർക്കും അപേക്ഷ നൽകാൻ അവസരം ലഭിക്കുന്ന വിധത്തിൽ അവസാന തീയതിയും സമയവും നിശ്ചയിച്ചു നൽകണം. വാർഡ് കേന്ദ്രം തുടങ്ങി എല്ലാവിധ പൊതു സാമൂഹ്യ സംഘടനാ സംവിധാനങ്ങളിലൂടെയും അപേക്ഷാ ഫോറങ്ങൾ വിതരണം ചെയ്യണം, വ്യാപകമായ പ്രചരണം നൽകണം.

2. അപേക്ഷ സ്വീകരിച്ചതിനു ശേഷം അർഹത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ അനർഹരെ ഒഴിവാക്കി അർഹരായവരുടെ കരട് ലിസ്റ്റ് അതത് വർക്കിംഗ് ഗ്രൂപ്പിന്റെ സഹായത്തോടെ തദ്ദേശ ഭരണ സ്ഥാപനം തയ്യാറാക്കണം

3. അപേക്ഷ സ്വീകരിച്ചതിനു ശേഷം അർഹതാ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ മാർക്ക് നൽകി അർഹരായ മുഴുവൻ പേരെയും ഉൾപ്പെടുത്തി കരട് മുൻഗണനാ ലിസ്റ്റ് തയ്യാറാക്കണം.ഒന്നിൽ അധികം ഗുണഭോക്താക്കൾക്ക് ഒരേ മാർക്ക് വരുന്ന സാഹചര്യത്തിൽ അപേക്ഷകന്റെ വയസ്സിന്റെ അടിസ്ഥാനത്തിൽ മുൻഗണന നൽകണം.

4.മുൻഗണന ലിസ്റ്റ് പ്രകാരമുള്ള അപേക്ഷകരുടെ അർഹതയും മുൻഗണനയും രണ്ട് ഉദ്യോഗസ്ഥർ ഫീൽഡ് ലെവൽ

പരിശോധന നടത്തി സാക്ഷ്യപ്പെടുത്തണം

5. പരിശോധനയുടെയും സാക്ഷ്യപ്പെടുത്തലിന്റെയും അടിസ്ഥാനത്തിൽ കരട് മുൻഗണനാ ലിസ്റ്റ് പുതുക്കി തയ്യാറാക്കണം

6.കരട് ലിസ്റ്റ് ആക്ഷേപങ്ങൾ സ്വീകരിക്കുന്നതിനായി പ്രസിദ്ധീകരിക്കണം. പത്ത് ദിവസത്തെ സമയംനൽകാം.

7.ആക്ഷപങ്ങൾ പരിഗണിച്ച് പരിഷ്കരിക്കുന്ന കരട് ലിസ്റ്റ് , അപേക്ഷകൾ സഹിതം വാർഡ് സഭ, വാർഡ് കമ്മിറ്റിയിൽ അവതരിപ്പിച്ച് ചർച്ച ചെയ്യുകയും ചർച്ചകളുടെ അടിസ്ഥാനത്തിൽ അന്തിമ മുൻഗണന ലിസ്റ്റ് വാർഡ് സഭ / വാർഡ് കമ്മിറ്റി അംഗീകരിച്ച് മിനിട്സിൽ തീരുമാനം രേഖപ്പെടുത്തുകയും വേണം

8. വാർഡ് സഭ / വാർഡ് കമ്മിറ്റി അംഗീകരിച്ച മുൻഗണന ലിസ്റ്റിന്റെ മുൻഗണനാ ക്രമം മാറ്റാതെ ഭരണ സമിതി അംഗീകാരം നൽകേണ്ടതാണ്.

9. അംഗീകരിച്ച് മുൻഗണനാ ലിസ്റ്റ് തദ്ദേശ ഭരണ സ്ഥാപനത്തിന്റെ നോട്ടീസ് ബോർഡിലും വെബ്സൈറ്റിലും പ്രസീദ്ധീകരിക്കണം

10.ഭരണ സമിതി അംഗീകരിച്ച തദ്ദേശ ഭരണ സ്ഥാപന മുൻഗണന ലിസ്റ്റ് നിർവ്വഹണ ഉദ്യോഗസ്ഥന് കൈമാറണം. വാർഡ് കേന്ദ്രങ്ങളിൽ അവ ജനകീയ പരിശോധനയ്ക്കായി ലഭ്യമാക്കണം.

11.പ്രോജക്ട് പ്രകാരം ആനുകൂല്യം നൽകുന്നതിന് ഉദ്ദേശിക്കുന്ന എണ്ണത്തേക്കാൾകൂടുതലാണ് ഗുണഭോക്താക്കളുടെ എണ്ണമെങ്കിൽ ഓരോ വാർഡിലെയും അർഹരായ ഗുണഭോക്താക്കളുടെ എണ്ണത്തിന് ആനുപാതകമായി വേണം ആനുകൂല്യം നൽകേണ്ടത്.

12.ഓരോ വാർഡിലെയും അർഹരായ അപേക്ഷകരുടെ എണ്ണത്തിന് ആനുപാതകമായ ആനുകൂല്യം നൽകേണ്ട ഗുണഭോക്താക്കളുടെ എണ്ണം നിശ്ചയിക്കും വിധം - മുൻഗണനാ ലിസ്റ്റ് പ്രകാരം ഒരു വാർഡിലെ അർഹരായ അപേക്ഷകരുടെ എണ്ണത്തെ എല്ലാ വാർഡുകളിലെയും അർഹരായ അപേക്ഷകരുടെ ആകെ എണ്ണം കൊണ്ട് ഭാഗിച്ചാൽ കിട്ടുന്ന സംഖ്യയെ പ്രോജക്ട് പ്രകാരം തൻവർഷ ആനുകൂല്യം വിതരണം ചെയ്യുന്നതിന് ഉദ്ദേശിക്കുന്ന ഗുണഭോക്താക്കളുടെ എണ്ണം കൊണ്ട് ഗുണിച്ചാൽ ആ വാർഡിൽ ആനുകൂല്യം നൽകാവുന്ന ഗുണഭോക്താക്കളുടെ എണ്ണം കിട്ടും. ഈ രീതിയിൽ ഓരോ വാർഡിനും കണക്കാക്കണം.

13. അംഗീകരിച്ച മുൻഗണനാ ലിസ്റ്റിലെ മുഴുവൻ ഗുണഭോക്താക്കൾക്കും ആനുകൂല്യം നൽകിയ ശേഷം മാത്രമേ വീണ്ടും പുതിയ ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കാവൂ. സമാന സ്വഭാവമുള്ള പ്രോജക്ട് തുടർ വർഷങ്ങളിൽ പദ്ധതയിൽ ഉൾപ്പെടുത്തുന്നുണ്ടെങ്കിൽ പ്രസ്തുത പ്രോജക്ടിനു വേണ്ട ഗുണഭോക്താക്കളെയും ആദ്യം അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ നിന്ന് മുൻഗണനാ ക്രമത്തിൽ ഖണ്ഡിക 12 ലെ വ്യവസ്ഥ പാലിച്ച് എടുക്കേണ്ടതാണ്.

14. തയ്യാറാക്കിയ മുൻഗണനാ ലിസ്റ്റിൽ ഏതെങ്കിലും സാഹചര്യത്തിൽ മാറ്റം ആവശ്യമാണെങ്കിൽ (അനർഹർ ലിസ്റ്റിലുണ്ടെന്നോ, അർഹർ ഒഴിവായിപ്പോയെന്നോ കരുതുന്നുണ്ടെങ്കിൽ) അക്കാര്യം വസ്തുതകളുടെ അടിസ്ഥാനത്തിൽ ആവശ്യമായ പരിശോധന നടത്തിയ ശേഷം മുൻഗണനാക്രമത്തിൽ മാറ്റം വരുത്തി അനർഹരെ ഒഴിവാക്കുകയോ അർഹരായവരെ കൂട്ടി ചേർക്കുകയോ ചെയ്യാവുന്നതാണ്. അനർഹരെ ഒഴിവാക്കുന്ന സന്ദർഭത്തിൽ വാർഡ് സഭ/ വാർഡ് കമ്മിറ്റിയുടെ സാധൂകരണം തേടിയാൽ മതിയാകും എന്നാൽ ഒഴിവായിപ്പോയ അർഹരെ കൂട്ടിച്ചേർക്കുന്നത് വാർഡ് സഭ/ വാർഡ് കമ്മിറ്റിയുടെ അംഗീകാരത്തോടെയാവണം.

2019-20 ലെ പ്രോജക്ടായ എസ്.സി. വിദ്യാർത്ഥികൾക്ക് പഠനമുറി എന്ന പ്രോജക്ടിനു വേണ്ടി ഗുണഭോക്താക്കളെ തെരഞ്ഞെടുത്തത് മുകളിൽ പറഞ്ഞിരിക്കുന്ന നിബന്ധനകൾ പലതും പാലിച്ചല്ല.

2018-19 വർഷത്തിൽ ഇതേ പ്രോജക്ടിനായി തയ്യാറാക്കിയ ഗുണഭോക്തൃ ലിസ്റ്റിൽ 57 ഗുണഭോക്താക്കൾ ഉൾപ്പെട്ടിരുന്നുവെങ്കിലും കേവലം രണ്ട് പേർക്ക് മാത്രമാണ് ധനസഹായം നൽകിയിരുന്നത്. (ശ്രീമതി രജനി.റ്റി, പൂപ്പുള്ളിച്ചിറ, പൊങ്ങ, സിന്ധു ഷാബു, ഇടവനച്ചിറ, ചേന്നങ്കരി).ഈ ലിസ്റ്റിലുള്ള മറ്റ് 55 പേർക്ക് ധനസഹായം നൽകാനുള്ളപ്പോൾ, 2019-20 വർഷം പുതിയ ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കി. ഈ ലിസ്റ്റിൽ പഴയ ലിസ്റ്റിലെ 55 പേരിൽ നിന്നും 20 പേരെ മാത്രമാണ് ഉൾപ്പെടുത്തിയത്. എന്നാൽ ധനസഹായം ഈ 20 പേരിൽ നിന്നും ഉഷാ കുമാരി, സുമാദേവി എന്നീ രണ്ട് പേർക്ക് മാത്രമാണ് നല്കിയത്. ധനസഹായം ലഭിച്ച 4 പേരിൽ മറ്റ രണ്ടു പേരായ വൽസല.ബി, പ്രസീത സതീഷ് എന്നിവർ 2018-19 ലെ ലിസ്റ്റിൽ ഉൾപ്പെടാത്തവരാണ്. ഇത് മേൽ മാർഗ്ഗരേഖയിലെ ഖണ്ഡിക 13 ന് വിരുദ്ധമാണ്.

സർക്കാർ ഉത്തരവിലെ ഖണ്ഡിക 3. പ്രകാരം മാർക് നൽകിയാണ് ഗുണഭോക്താക്കളെ തെരഞ്ഞടുത്തിരിക്കുന്നതെങ്കിൽ ആയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണെന്നും, ഖണ്ഡിക 4 പ്രകാരം ഉദ്യോഗസ്ഥർ ഫീൽഡ് പരിശോധന നടത്തിയിട്ടുണ്ടെങ്കിൽ അവരുടെ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കേണ്ടതാണെന്നും ഓഡിറ്റ് എൻക്വയറി (നം.4/11.03.22) മുഖേന ആവശ്യപ്പെട്ടെങ്കിലും ആയതിന് ലഭ്യമാക്കിയില്ല.

ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ഗുണഭോക്തൃ ലിസ്റ്റിലുള്ള 57 പേർക്കും ധനസഹായം അനുവദിക്കുന്നതിന് 1 കോടി

14 ലക്ഷം രൂപ വേണ്ടിവരുമെന്നും ഗ്രാമപഞ്ചായത്തിനനുവദിച്ച തുക 4320000 രൂപയാണെന്നും ഗുണഭോക്തൃ ലിസ്റ്റിലെ ഭൂരിഭാഗം പേരും സ്വന്തമായി സ്ഥലമില്ലാത്തവരാണെന്നും പഠനകാലം കഴിഞ്ഞ വിദ്യാർത്ഥികളെ ഒഴിവാക്കുന്നതിനും കൂടിയാണ് പുതിയ ലിസ്റ്റ് തയ്യാറാക്കിയതെന്ന് അറിയിച്ചിട്ടുണ്ട്.
സർക്കർ ഉത്തരവിലെ ക്രമ നം. 4-.മുൻഗണന ലിസ്റ്റ് പ്രകാരമുള്ള അപേക്ഷകരുടെ അർഹതയും മുൻഗണനയും രണ്ട് ഉദ്യോഗസ്ഥർ ഫീൽഡ് ലെവൽ പരിശോധന നടത്തി സാക്ഷ്യപ്പെടുത്തണം. ഇപ്രകാരം ഫീൽഡ് ലെവൽ പരിശോധന നടത്തിയിരുന്നെങ്കിൽ 57 പേരുടെ ലിസ്റ്റ്, ധനസഹായം നല്കാവുന്നവരിലേക്ക് ചുരുക്കാമായിരുന്നു. ഇത് ചെയ്തിട്ടില്ല. മുകളിൽ പറഞ്ഞിരിക്കുന്ന കാരണങ്ങളൊന്നും സർക്കാർ ഉത്തരവിന്റെ ലംഘനത്തിന് പര്യാപ്തമായവയല്ല. സർക്കാർ ഉത്തരവ് പാലിക്കുന്നതിൽ പ്രായോഗിക ബുദ്ധിമുട്ടുണ്ടെങ്കിൽ ആയത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെ ടുത്തുകയായിരുന്നു ചെയ്യേണ്ടത്. ഇക്കാരണങ്ങളാൽ മറുപടി അംഗീകരിക്കുന്നില്ല.

ഈ വിഷയത്തിൽ നിലവിലെ ഭരണ സമതിയുടെ നിലപാട് അറിയിക്കേണ്ടതാണ്. ഭാവിയിൽ സർക്കാർ നിർദ്ദേശങ്ങൾക്കനുസരണമായി ഗുണഭോക്തൃ തെരഞ്ഞെടുപ്പ് നടത്തേണ്ടതാണ്.

1-22 മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ - ആദായനികുതി ഈടാക്കിയില്ല

അടങ്കൽ - 95000/-(മെയിന്റനൻസ് ഗ്രാന്റ്-റോഡ്)

പ്രൊജക്ട് നം. 17/19-20

ചെലവ് വിവരം- 95000/- ബിൽ നം.

വെറ്റിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ എന്ന പദ്ധതിപ്രകാരം 2019-20 വർഷം 95000/- രൂപ കൃഷ്ണ ഏജൻസീസ് എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. 1961 ലെ ഇൻകം ടാക്സ് ആക്ടിലെ സെക്ഷൻ 194 (C) പ്രകാരം 30000/- രൂപയ്ക്ക മേലുള്ള കരാർ പ്രവർത്തിയിൽ കരാറുകാരന് തുക അനുവദിക്കുമ്പോൾ ,വ്യക്തികളാണെങ്കിൽ 1% ഉം സ്ഥാപനങ്ങളാണെങ്കിൽ 2% ഉം നിരക്കിൽ ആദായ നികുതി സോഴ്സ് ഡിഡക്ഷൻ നടത്തേണ്ടതാണ്. എന്നാൽ ടി സ്ഥാപനത്തിൽ നിന്നും ആദായ നികുതി ഈടാക്കിയതായി കാണുന്നില്ല. ടി സ്ഥാപനത്തിൽ നിന്നും സോഴ്സ് ഡിഡക്ഷൻ നടത്താതിരുന്നതിന് ഉത്തരവുണ്ടെങ്കിൽ ലഭ്യമാക്കുകയോ, മറുപടി ലഭ്യമാക്കുകയോ ചെയ്യാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകവയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ തുടർന്ന് വരുന്ന മരുന്നവാങ്ങൽ പദ്ധതികളിൽ കരാറുകാരനിൽ നിന്നും ആദായനികുതി സോഴ്സ് ഡിഡക്ഷൻ നടത്തുന്നതായിരിക്കും എന്നറിയിക്കുകയുണ്ടായി .ആകയാൽ തുടർന്നുള്ള വർഷങ്ങളിൽ ഓഡിറ്റ് നിർദ്ദേശം പാലിച്ച് പദ്ധതി നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-23 രേഖകൾ ലഭ്യമാക്കിയില്ല. ചെലവ് തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം-.S0023/19-20, പേര്- പാലിയേറ്റീവ് പരിചരണം

ട്രഷറി ബിൽ നം.06/2019-20/31.03.20 പ്രകാരമുള്ള -61974 രൂപയുടെ ചെലവിന് ആധാരമായ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ഇവ അടിയന്തിരമായി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

ബ്ലോക്ക് പഞ്ചായത്ത് വിഹിതം 105000 രൂപയുടെ ചെലവ് നടത്തിയിട്ടുണ്ടെങ്കിലും ആയതിന്റ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇവ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.
(61974+105000= 166974) രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതു വരെ 166974 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഓഡിറ്റ് റിപ്പോർട്ട് ലഭിച്ച് ആദ്യ മറുപടിയോടൊപ്പം ചെലവ് രേഖകൾ ലഭ്യമാക്കിയില്ലെങ്കിൽ , ചെലവ് രേഖകൾ ഇല്ലായെന്ന നിഗമനത്തിൽ ചെലവ് നിരാകരിക്കുന്നതാണ്.

1-24 നിർദ്ദിഷ്ട സമയത്തിനുള്ളിൽ കരാർ വെക്കാതിരുന്നതിന് ഫൈൻ ഈടാക്കിയില്ല.

ഒരു പ്രവൃത്തിക്ക് സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തീയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കേണ്ടതാണ്. 14 ദിവസം കഴിഞ്ഞ് കരാർ തുകയുടെ (PAC) 1% പിഴ ഈടാക്കി (മിനിമം 1000 പരമാവധി 25000) കരാർ വെക്കുവാൻ അനുവദിക്കാവുന്നതാണ്. (PWD മാന്വൽ ഖണ്ഡിക 2009-6). താഴെപ്പറയുന്ന പ്രവൃത്തികൾക്ക് സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയിട്ടും നിർദ്ദിഷ്ട സമയത്തിനുള്ളിൽ കരാർ വെക്കാതിരുന്നതിന് ഫൈൻ ഈടാക്കിയില്ല. വിശദവിവരം ചുവടെ കൊടുക്കുന്നു.

എ)

പ്രവൃത്തിയുടെ പേര്	പയ്യനാട്ട് ചിറ മുതൽ തെക്കോട്ട് റോഡ്

	പുനരുദ്ധാരണം
പ്രോജക്ട് നമ്പർ	S0070/20
നിർവ്വഹണം	അസിസ്റ്റന്റ് എഞ്ചിനിയർ
കരാറുകാരൻ	സാലിച്ചൻ .എം.എ
സെലക്ഷൻ നോട്ടീസ് നമ്പർ , തീയതി	04/AE/LSGD/NDMY/ തീയതി 01-11-19
സെലക്ഷൻ നോട്ടീസ് പ്രകാരം പിഴയില്ലാതെ കരാർ വെക്കേണ്ടതീയതി	18-11-19
കരാർ വെച്ച തീയതി	10-12-19
കരാർ നമ്പർ	14/AE/LSGD/NDYതീയതി 10-12-19
കരാർ തുക	223015
ഈടാക്കേണ്ടുന്ന ഫൈൻ	2230

ബി

പ്രവൃത്തിയുടെ പേര്	കൊളപ്പുള്ളി മുതൽ മാന്തുരം വരെ മക്കും ഗ്രവലും ഉപയോഗിച്ച് റോഡ്
പ്രോജക്ട് നമ്പർ	S0058/20
നിർവ്വഹണം	അസിസ്റ്റന്റ് എഞ്ചിനിയർ
കരാറുകാരൻ	സാലിച്ചൻ .എം.എ
സെലക്ഷൻ നോട്ടീസ് നമ്പർ , തീയതി	05/AE/LSGD/NDMY/ തീയതി 01-11-19
സെലക്ഷൻ നോട്ടീസ് പ്രകാരം പിഴയില്ലാതെ കരാർ വെക്കേണ്ടതീയതി	18-11-19
കരാർ വെച്ച തീയതി	10-12-19
കരാർ നമ്പർ	13/AE/LSGD/NDYതീയതി 10-12-19
കരാർ തുക	445678
ഈടാക്കേണ്ടുന്ന ഫൈൻ	4457

സി

പ്രവൃത്തിയുടെ പേര്	വൈശ്യംഭാഗം GLPS കിഴക്കേക്കര മുതൽ തെക്കോട്ട് റോഡ് പുനരുദ്ധാരണം
പ്രോജക്ട് നമ്പർ	S0073/20
നിർവ്വഹണം	അസിസ്റ്റന്റ് എഞ്ചിനിയർ
കരാറുകാരൻ	സാലിച്ചൻ .എം.എ
സെലക്ഷൻ നോട്ടീസ് നമ്പർ , തീയതി	ഇല്ല/ തീയതി 01-11-19
സെലക്ഷൻ നോട്ടീസ് പ്രകാരം പിഴയില്ലാതെ കരാർ വെക്കേണ്ടതീയതി	18-11-19
കരാർ വെച്ച തീയതി	10-12-19

കരാർ നമ്പർ	12/AE/LSGD/NDYതീയതി 10-12-19
കരാർ തുക	200371
ഈടാക്കേണ്ടുന്ന ഫൈൻ	2004

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം20/18-03-22 ന് മറുപടി ലഭ്യമാക്കിയില്ല.കരാറുകാരനിൽ നിന്നും ഫൈൻ ഈടാക്കേണ്ടതാണ്.

1-25 തൊഴിലുറപ്പുപദ്ധതി -കരാറുകാരിൽ നിന്നും ആദായ നികുതി ഈടാക്കിയില്ല

1) തൊഴിലുറപ്പുപദ്ധതിയിൽപ്പെടുത്തി ചെയ്ത നിർമ്മാണ പ്രവൃത്തികൾക്ക് സാധന സാമഗ്രികൾ സപ്ലൈ ചെയ്ത കരാറുകാർക്ക് തുക അനുവദിച്ചപ്പോൾ നിയമാനുസൃതം ഈടാക്കേണ്ട ആദായ നികുതി (ആദായ നികുതി നിയമം 194 C) ഈടാക്കിയില്ല . വിശദീകരണം നൽകേണ്ടതാണ്.

ക്രമനം	പ്രവൃത്തിയുടെ പേര്	കരാറുകാരൻ	സാധന വിലയിനത്തിൽ അനുവദിച്ച തുക	ഈടാക്കേണ്ട ആദായ നികുതി (1%)	ഫണ്ട് കൈമാറ്റം ചെയ്ത തീയതി -
1	പാക്കളളി വാഴപ്പറമ്പ് ആലംതറ വെളുത്തേടത്ത് വരെ മക്കും ഗ്രാവലും	തോമസ് മാത്യു	289028	2890	05-02-20 രൂപ 289028/-
2	തോട്ടയ്ക്കാട് മുതൽ തുരുത്തിച്ചിറ വരെ മക്കും ഗ്രാവലും ഉപയോഗിച്ച് ബണ്ട് നിർമ്മാണം	മാത്യു അഗസ്റ്റിൻ	412326	4123	23-11-19 രൂപ 412326/-
3	കിഴക്കും വേലിത്തറ നെല്ലിക്കാത്തറ ബണ്ട് നിർമ്മാണം	തോമസ് മാത്യു	225661	2257	19-12-19 രൂപ 225661/-
4	കടുക്കാത്തു ആളേഴം ബണ്ട് നിർമ്മാണം	തോമസ് മാത്യു	403521	4035	16-01-.2020 രൂപ 403521/-
5	വഞ്ചിക്കൽ മുതൽ വടക്കേ ഊരാമ വരെമക്കും ഗ്രാവലും ഉപയോഗിച്ച് ബണ്ട് നിർമ്മാണം	തോമസ് മാത്യു	299072	2991	10-02-20 രൂപ 299072/-
6	സാംസാക്കാരിക നിലയും പടിഞ്ഞാറോട്ട്	സാബു ചാക്കോ	363808	3638	02-08-19 രൂപ 363808/-

	സെൻറ് ആൻറണീസ് ചർച്ച് റോഡ് കോൺക്രീറ്റിംഗ്				
7	കല്ലുപ്പറമ്പ് മുതൽ അജയ് സദനം വരെ റോഡ് കോൺക്രീറ്റിംഗ്	സാബു ചാക്കോ	246908	2469	15-03-20 രൂപ 246908/-
8	മൂന്നുകളം ആളേഴം റോഡ് കോൺക്രീറ്റിംഗ്	സാബു ചാക്കോ	356928	3569	19-02-20 രൂപ 356928/-
				25972	

നികുതികൾ കുറവു ചെയ്യാതെ തുക അനുവദിച്ചതിനാൽ കാരാറുകാർക്ക് 25972/- രൂപ അധികം നൽകാനിടയായി.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം21/18-03-12 ന് കരാറുകാരിൽ നിന്നും തുക ഈടാക്കാനാവശ്യമായ നടപടികൾ സ്വീകിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുക ഈടാക്കിയതിന്റെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-26 GST സ്രോതസിൽ നിന്നും ഈടാക്കിയില്ല - നഷ്ടം 42494/-

തൊഴിലുറപ്പുപദ്ധതിയിൽപ്പെടുത്തി ചെയ്ത റോഡ് നിർമ്മാണ പ്രവൃത്തികൾക്ക് സാധന സാമഗ്രികൾ സപ്ലൈ ചെയ്ത കരാറുകാർക്ക് തുക അനുവദിച്ചപ്പോൾ നിയമാനുസൃതം ഈടാക്കേണ്ട CGST Act 2017ലെ വകുപ്പ് 51 (1) , SGST Act 2017ലെ വകുപ്പ് 51(1)എന്നിവ അനുസരിച്ച് 2.50 ലക്ഷത്തിൽ അധീകരിക്കുന്ന കരാറുകാരുടെ ബില്ലുകളിൽ നിന്നും സ്രോതസ്സിൽ നിന്നും 2% തുക GST ഇനത്തിലും കുറവു ചെയ്യേണ്ടതാണ്. എന്നാൽ താഴെപ്പറയുന്ന പ്രവൃത്തികളിൽ നിന്നും ഇവ ഈടാക്കിയില്ല . വിശദാംശം ചുവടെ കൊടുക്കുന്നു.

ക്രമ നം	പ്രവൃത്തിയുടെ പേര്	കരാറുകാരൻ	സാധന വിലയിനത്തിൽ അനുവദിച്ച തുക	ഈടാക്കേണ്ട ചരക്കുസേവന നികുതി (2%)	ഫണ്ട് കൈമാറ്റം ചെയ്ത തീയതി -
1	പാക്കളളി വാഴപ്പറമ്പ് ആലംതറ വെളുത്തേടത്ത് വരെ മക്കും ഗ്രാവലും	തോമസ് മാത്യു	289028	5781	05-02-20 രൂപ 289028/-
2	തോട്ടയ്ക്കാട് മുതൽ തുരുത്തിച്ചിറ വരെ മക്കും ഗ്രാവലും ഉപയോഗിച്ച് ബണ്ട് നിർമ്മാണം	മാത്യു അഗസ്റ്റിൻ	412326	8247	23-11-19 രൂപ 412326/-
4	കടുക്കാത്ര ആളേഴം ബണ്ട് നിർമ്മാണം	തോമസ് മാത്യു	403521	8070	16-01-.2020 രൂപ 403521/-
5	വഞ്ചിക്കൽ മുതൽ വടക്കേ ഊരാമ വരെമക്കും	തോമസ് മാത്യു	299072	5981	10-02-20 രൂപ 299072/-

	ഗ്രാവലും ഉപയോഗിച്ച് ബണ്ട് നിർമ്മാണം				
6	സാംസാക്കാരിക നിലയും പടിഞ്ഞാറോട്ട് സെൻറ് ആൻറണീസ് ചർച്ച് റോഡ് കോൺക്രീറ്റിംഗ്	സാബു ചാക്കോ	363808	7276	02-08-19 രൂപ 363808/-
8	മൂന്നകളം ആളേഴം റോഡ് കോൺക്രീറ്റിംഗ്	സാബു ചാക്കോ	356928	7139	19-02-20 രൂപ 356928/-
				42494	

നികുതികൾ കുവു ചെയ്യാതെ തുക അനുവദിച്ചതിനാൽ കാരാറുകാർക്ക് 42494 രൂപ അധികം നൽകാനിടയായി.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം21/18-03-12 ന് കരാറുകാരിൽ നിന്നും തുക ഈടാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുക ഈടാക്കിയതിന്റെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-27 സ്റ്റാക്ക് ചെയ്ത അളവിനേക്കാൾ കൂടിയ അളവിന് തുക അനുവദിച്ചു

സാംസാക്കാരിക നിലയും പടിഞ്ഞാറോട്ട് സെൻറ് ആൻറണീസ് ചർച്ച് റോഡ് കോൺക്രീറ്റിംഗ്.

ഫണ്ട് കൈമാറ്റം ചെയ്ത തീയതി തുക – 01-08-19 രൂപ 52208/-

02-08-19 രൂപ 305386/-

10-08-19 രൂപ 6214/-

മേൽപ്രവൃത്തിക്ക് സാധനങ്ങൾ എസ്റ്റിമേറ്റ് നിരക്കിൽ സപ്ളൈ ചെയ്തിരിക്കുന്നത് ശ്രീ. സാബു ചാക്കോയാണ്.ടി പ്രവൃത്തിക്കായി 40mm മെറ്റിൽ സ്റ്റാക്ക് ചെയ്തിരിക്കുന്നത് വോയിഡ്സ് കുറവു വരുത്തിയതിനു ശേഷമുള്ള അളവ് 26.89 M3 ആണ്. (അളവു പുസ്തകം നമ്പർ ഇല്ല പേജ് 3)എന്നാൽ കരാറുകാരന് തുക അനുവദിച്ചിരിക്കുന്നത് 28.576m3 അളവിനാണ്. അധികം നൽകിയത് 1.686 M3 (28.576 – 26.89) @2300 = 3878/-.ടി തുക കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 24/18-03-12 ന് 40mm മെറ്റിലിന് വോയ്ഡ്സ് ഡിഡക്ക്ഷൻ ആവശ്യമില്ലായിരുന്നുവെന്നാണ് മറുപടിയിൽ അറിയിച്ചിരിക്കുന്നത്. CPWD സ്പെസിഫിക്കേഷനിലാണ് എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നടപ്പിലാക്കിയിരിക്കുന്നത്. CPWD സ്പെസിഫിക്കേഷൻ പ്രകാരം 40mm മെറ്റിലിന്റെ സ്റ്റാക്ക് അളവിൽ നിന്നും വോയിഡ്സ് കുറവു വരുത്തേണ്ടതാണ്. അതിനാൽ അധികം നൽകിയ 1.686 M3 ന്റെ വിലയായ 3878/- രൂപ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്.

1-28 കരാറുകാരൻ സപ്ലൈ ചെയ്ത അളവിനേക്കാൾ കൂടിയ അളവ് രേഖപ്പെടുത്തി തുക അനുവദിച്ചു

തൊഴിലുറപ്പു പദ്ധതിയിൽപ്പെടുത്തി ചെയ്ത നിർമ്മാണ പ്രവൃത്തികൾക്ക് കരാറുകാരൻ മെറ്റീരിയൽ വാങ്ങിയതിന് ഹാജരാക്കിയ ബിൽ പ്രകാരമുള്ള അളവിനേക്കാൾ കൂടിയ അളവ് രേഖപ്പെടുത്തി തുക അനുവദിച്ചു. വിശദാംശം ചുവടെ കൊടുക്കുന്നു.

1.കിഴക്കും വേലിത്തറ നെല്ലിക്കാത്തറ ബണ്ട് നിർമ്മാണം എന്ന പ്രവൃത്തിക്ക് സാധനങ്ങൾ എസ്റ്റിമേറ്റ് നിരക്കിൽ സപ്ളൈ ചെയ്തിരിക്കുന്നത് ശ്രീ.തോമസ് മാത്യു ആണ്. ക്വാറി മക്ക് സപ്ളൈ ചെയ്തതിന് കരാറുകാരൻ G's Hand Construction &Supply ,മങ്കൊമ്പ് എന്ന സ്ഥാപനത്തിന്റെ രസീത് ഹാജരാക്കിയിട്ടുണ്ട്.ഇൻവോയ്സ് നമ്പർ 2243 /10-12-19,2241/19-12-19 പ്രകാരം 5000 ക്യൂബിക് അടി ഗ്രാവലാണ് വാങ്ങിയിരിക്കുന്നത്. ഇതനുസരിച്ച് വരുന്ന അളവ് 141.5 M3 (ഒരു ക്യൂബിക് അടി = 0.0283 M3 ,5000 X0.0283). എന്നാൽ അളവു പുസ്തകം105/19-20 പേജ് 5 ,6 ൽ ഗ്രാവൽ സ്റ്റാക്ക് ചെയ്തതിന് 186.961 M3 അളവു രേഖപ്പെടുത്തി ഇതിൽ നിന്നും വോയിഡ് സിനത്തിൽ 20% കുറവു ചെയ്ത് 149.56 M3 എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഫില്ലിംഗിന് ഉപയോഗിച്ച അളവായ 149.416 M3 നാണ് @1000 രൂപ നിരക്കിൽ 149416/- രൂപ അനുവദിച്ചിരിക്കുന്നത്. 141.5 M3 ഗ്രാവൽ വാങ്ങിയിട്ടുള്ളപ്പോൾ 149.416 M3 എന്ന് അളവു രേഖപ്പെടുത്തി

ുക അനുവദിച്ചു.

2.കടുക്കാത്തു ആളേഴം ബണ്ട് നിർമ്മാണം എന്ന പ്രവൃത്തിക്ക് സാധനങ്ങൾ എസ്റ്റിമേറ്റ് നിരക്കിൽ സപ്ളൈ ചെയ്തിരിക്കുന്നത് ശ്രീ.തോമസ് മാത്യു ആണ്.

എ) ക്വാറി മക്ക് സപ്ളൈ ചെയ്തതിന് കരാറുകാരൻ G's Hand Construction &Supply ,മങ്കൊമ്പ് എന്ന സ്ഥാപനത്തിന്റെ രസീത് ഹാജരാക്കിയിട്ടുണ്ട്.ഇൻവോയ്സ് നമ്പർ 2449/29-12-19 ,2450/29-12-19 പ്രകാരം 177m3 മക്ക് ആണ് വാങ്ങിയിരിക്കുന്നത്. എന്നാൽ അളവു പുസ്തകം(നമ്പർ ഇല്ല) പേജ് 1ൽ മക്ക് സ്റ്റാക്ക് ചെയ്തതിന്195.75 M3 അളവു രേഖപ്പെടുത്തി ഇതിൽ നിന്നും വോയിഡ് സിനത്തിൽ 10% കുറവു ചെയ്ത്176.15 M3 എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഫില്ലിംഗിന് ഉപയോഗിച്ച അളവായ175.577 M3 നാണ് @1300 രൂപ നിരക്കിൽ 228250/- രൂപ അനുവദിച്ചിരിക്കുന്നത്. കരാറുകരൻ 177m3 ക്വാറിമക്ക് വാങ്ങിയിട്ടുള്ളപ്പോൾ 195.75 M3 എന്ന് അളവു രേഖപ്പെടുത്തി ുക അനുവദിച്ചു

ബി) G's Hand Construction &Supply ,മങ്കൊമ്പ് എന്ന സ്ഥാപനത്തിന്റെ ഇൻവോയ്സ് നമ്പർ 2451 /29-12-19 പ്രകാരം176m3 ഗ്രാവലാണ് വാങ്ങിയിരിക്കുന്നത്. എന്നാൽ അളവു പുസ്തകം (നമ്പർ ഇല്ല) പേജ് 10 ൽ ഗ്രാവൽ സ്റ്റാക്ക് ചെയ്തതിന് 194.775m3 അളവു രേഖപ്പെടുത്തി ഇതിൽ നിന്നും വോയിഡ് സിനത്തിൽ 10% കുറവു ചെയ്ത് 175.297 M3 എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഫില്ലിംഗിന് ഉപയോഗിച്ച അളവായ 175.288 M3 നാണ് @1000 രൂപ നിരക്കിൽ 175288/- രൂപ അനുവദിച്ചിരിക്കുന്നത്. കരാറുകാരൻ 176 M3 ഗ്രാവൽ വാങ്ങിയിട്ടുള്ളപ്പോൾ194.775 M3 എന്ന് അളവു രേഖപ്പെടുത്തി ുക അനുവദിച്ചു.

3..വഞ്ചിക്കൽ മുതൽ വടക്കേ ഊരാമ വരെമക്കും ഗ്രാവലും ഉപയോഗിച്ച് ബണ്ട് നിർമ്മാണം

മേൽപ്രവൃത്തിക്ക് സാധനങ്ങൾ എസ്റ്റിമേറ്റ് നിരക്കിൽ സപ്ളൈ ചെയ്തിരിക്കുന്നത് ശ്രീ.തോമസ് മാത്യു ആണ്. ക്വാറി മക്ക് സപ്ളൈ ചെയ്തതിന് കരാറുകാരൻ G's Hand Construction &Supply ,മങ്കൊമ്പ് എന്ന സ്ഥാപനത്തിന്റെ രസീത് ഹാജരാക്കിയിട്ടുണ്ട്.ഇൻവോയ്സ് നമ്പർ 3201/08-02-20 പ്രകാരം 2000 ക്യൂബിക് അടി മക്ക് ആണ് വാങ്ങിയിരിക്കുന്നത്. ഇതനുസരിച്ച് വരുന്ന അളവ് 56.60 M3 (ഒരു ക്യൂബിക് അടി = 0.0283 M3 ,2000 X0.0283). എന്നാൽ അളവു പുസ്തകം 117/19-20പേജ് 4 ൽ മക്ക് സ്റ്റാക്ക് ചെയ്തതിന് 112.29 M3 അളവു രേഖപ്പെടുത്തി ഇതിൽ നിന്നും വോയിഡ് സിനത്തിൽ 10% കുറവു ചെയ്ത് 101.006 M3 എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഫില്ലിംഗിന് ഉപയോഗിച്ച അളവായ 100.847 M3 നാണ് @1300 രൂപ നിരക്കിൽ 131101/-/- രൂപ അനുവദിച്ചിരിക്കുന്നത്. കരാറുകാരൻ 56.60 M3 ക്വാറിമക്ക് വാങ്ങിയിട്ടുള്ളപ്പോൾ 112.29 M3 എന്ന് അളവു രേഖപ്പെടുത്തി ുക അനുവദിച്ചു.

മേൽപ്പറഞ്ഞ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 23/18-03-12 ന് കരാറുകാരൻ ശരിയായ ബിൽ സമർപ്പിക്കാത്തതിനാലാണ് തെറ്റ് വന്നിട്ടുള്ളതെന്നും ടി പ്രവൃത്തിയുടെ ശരിയായ ബിൽ സമർപ്പിക്കുവാൻ കരാറുകാരന് നിർദ്ദേശം നൽകിയിട്ടുണ്ടെന്നുമാണ് മറുപടിയിൽ അറിയിച്ചിരിക്കുന്നത്.ബില്ലുകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-29 ഗ്രാവൽ ഫില്ലിംഗ് -കൺസോളിഡേഷൻ നടത്തിയതിന് 10% കിഴിവ് വരുത്തേണ്ടത് ഫില്ലിംഗ് അളവിൽ നിന്നും . എന്നാൽകുറവു വരുത്തിയത് സ്റ്റാക്ക് അളവിൽ നിന്നും.

തൊഴിലുറപ്പു പദ്ധതിയിൽ ചെയ്ത ബണ്ട് നിർമ്മാണ പ്രവൃത്തികളിൽ ഗ്രഡ് എർത്ത്/ ഗ്രാവൽ ഉപയോഗിച്ചുള്ള ഫില്ലിംഗ് ചെയ്തിട്ടുണ്ട്. ഇതിനായി കരാറുകാരൻ സപ്ളൈ ചെയ്യുന്ന ഗ്രാവൽ സ്റ്റാക്ക് ചെയ്ത് ഈ അളവിൽ നിന്നും 10% വോയിഡ്സിനത്തിൽ കുറവു ചെയ്താണ് അളവു രേഖപ്പെടുത്തിയിരിക്കുന്നത്. ചെയ്ത ഫില്ലിംഗ് പ്രവൃത്തി ടേപ്പ് മെഷർമെന്റിൽ അളവ് രേഖപ്പെടുത്തിയിട്ടുണ്ട്. ഈ അളവിനാണ് ുക അനുവദിച്ചിരിക്കുന്നത്. എന്നാൽ ഈ അളവിൽ നിന്നും കൺസോളിഡേഷൻ നടത്തിയതിന് 10% കിഴിവ് വരുത്തി, ശേഷമുള്ള അളവിനാണ് ുക അനുവദിക്കേണ്ടിയിരുന്നത്. ഏതാനും ഉദാഹരണം ചുവടെ കൊടുക്കുന്നു.

പ്രവൃത്തി	സ്റ്റാക്ക് ചെയ്ത അളവ്	ുക അനുവദിച്ച അളവ് (ഫില്ലിംഗ് നടത്തിയ അളവ്)	കരാറുകാരന് ുക അനുവദിക്കേണ്ട അളവ്
കിഴക്കും വേലിത്തറ നെല്ലിക്കാത്തറ ബണ്ട്	186.961 M3 (-) 20% -37.392 =	149.416 M3	149.416 M3 (-) 10% --14.94 = 134.476 M3

നിർമ്മാണം	149.569m3		
കട്ടക്കാത്ത ആളേഴം ബണ്ട് നിർമ്മാണം	194.775m3 (-) 10% -19.478 = 175.297m3	175.288m3	175.288 M3 (-) 10% --17.53 = 157.758 M3
വഞ്ചിക്കൽ മുതൽ വടക്കേ ഊരാമ വരെമക്കും ഗ്രാവലും ഉപയോഗിച്ച് ബണ്ട് നിർമ്മാണം	187.20m3 (-) 10% -18.72 = 168.48m3	167.989m3	167.989 M3 (-) 10% --16.80 = 151.189 M3

ടേപ്പ് മെഷർമെന്റിൽ രേഖപ്പെടുത്തിയ ഫില്ലിംഗ് അളവിൽ നിന്നും കൺസോളിഡേഷൻ നടത്തിയതിന് 10% കിഴിവ് വരുത്തിയതിനുശേഷമുള്ള അളവിന് തുക അനുവദിക്കുവാൻ ശുദ്ധിക്കേണ്ടതാണ്.

1-30 കരാറുകാരൻ സിമൻ്റ് സപ്ലൈ ചെയ്തത് സ്റ്റോക്കിൽ എടുത്തില്ല.

താഴെപ്പറയുന്ന രണ്ടു പ്രവൃത്തികൾക്കും മെറ്റീരിയൽ എസ്റ്റിമേറ്റ് നിരക്കിൽ സപ്ലൈചെയ്യുവാൻ കരാർ വെച്ചിരിക്കുന്നത് ശ്രീ. സാബു ചാക്കോയാണ്.(CEEPEE INTEGRATORS INDIA PVT LTD) ഫയൽ പരിശോധിച്ചതിൽ സിമന്റ് സപ്ലൈ ചെയ്തതിന് വെച്ചിരിക്കുന്ന ബിൽ രണ്ടിനും ഒന്നുതന്നെയാണ്. ഇതനുസരിച്ച് വരുന്ന സിമൻ്റിന്റെ അളവും അനുവദിച്ച അളവും ചുവടെ കൊടുക്കുന്നു.

പ്രവൃത്തിയുടെ പേര്	വാങ്ങിയ അളവ്	ഇൻവോയിസ് നമ്പർ	അനുവദിച്ച അളവ്	സ്റ്റാക്ക് ചെയ്ത അളവ്	അധികം
1.മൂന്നുകളം ആളേഴം റോഡ് കോൺക്രീറ്റിംഗ്	300 ബാഗ് 72 ബാഗ്	RT-0418/06-02-20 റിയാൻസ് ട്രേഡേഴ്സ് , ചമ്പക്കുളം RT-0432/14-02-20 റിയാൻസ് ട്രേഡേഴ്സ് , ചമ്പക്കുളം	13.98 T 279.6 ബാഗ് @340/ബാഗ് 95064/-	രേഖപ്പെടുത്തിയിട്ടില്ല	
2.സാംസാക്കാരിക നിലയും പടിഞ്ഞാറോട്ട് സെൻറ് ആൻറണീസ് ചർച്ച് റോഡ് കോൺക്രീറ്റിംഗ്.		ഇതേ ഇൻവോയ്സ് നമ്പറും അളവും	14.403T 288.06ബാഗ് @340/ബാഗ് 97940/-	രേഖപ്പെടുത്തിയിട്ടില്ല	
ആകെ	372 ബാഗ്		567.66 ബാഗ്		195.66 ബാഗ്

മേൽപ്പറഞ്ഞ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 24/18-03-12 ന് സിമന്റ് വാങ്ങിയതിന്റെ ഒരു ബില്ലാണ് രണ്ടു ഫയലിലും സമർപ്പിച്ചിട്ടുള്ളതെന്നും ടി പ്രവൃത്തിയുടെ ബില്ല് കരാറുകാരന്റെ പക്കൽ ഉണ്ടെന്നും ടി ബില്ല് ഫയലിൽ ഉൾപ്പെടുത്തുന്നതാമണെന്നുമാണ് മറുപടിയിൽ അറിയിച്ചിരിക്കുന്നത്. കരാറുകാരൻ സപ്ലൈ ചെയ്ത സിമന്റ് സ്റ്റോക്കിലെടുത്തിന് അളവു പുസ്തകത്തിൽ രേഖപ്പെടുത്തൽ വരുത്തിയിട്ടില്ല. അതിനാൽ ബിൽ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 പാലിയേറ്റീവ് കയർ മാർഗ്ഗരേഖ പാലിക്കാത്തതു മൂലം പഞ്ചായത്തിന് നഷ്ടം-62040 രൂപ

പ്രോജക്ട് നമ്പർ, പേര്	S23/19-20, പാലിയേറ്റീവ് പരിചരണം
അടങ്കൽ	വികസന ഫണ്ട് - 400000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം- 205000 ---------- 605000
ചെലവ്	ട്രഷറി ബിൽ നം.02/19-20/07.09.19 - 175500 03/19-20/23.03.20- 92641 05/19-20/31.03.20- 69885 06/19-2031.03.20 - 61974 ബ്ലോക്ക് വിഹതം - 105000 ---------- 505000
നിർവ്വഹണ ഉദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ, ചെമ്പുംപുറം സി.എച്ച്.സി

സർക്കാർ ഉത്തരവ് (സാ.ധാ) നം.553/2019/ത.സ്വ.ഭ.വ. തീയതി 07.03.19 പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ-മാർഗ്ഗരേഖ-ഖണ്ഡിക 2.8.3- തദ്ദേശ സ്ഥാപനത്തിന്റെ വാഹനം ലഭ്യമാക്കാൻ കഴിയാത്ത സാഹചര്യത്തിൽ, വാഹനം ദിവസ/മാസ വാടകയ്ക്ക് എടുക്കാവുന്നതാണ്. നിർവ്വഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ സ്റ്റോർ പർച്ചേസ് മാനദണ്ഡ പ്രകാരം ക്വട്ടേഷൻ ക്ഷണിച്ച് , ഏറ്റവും കുറഞ്ഞ പ്രതി ദിന / പ്രതി മാസ നിരക്ക് ക്വോട്ട് ചെയ്യുന്ന വാഹനമായിരിക്കണം വാടകയ്ക്ക് എടുക്കേണ്ടത്. ക്വട്ടേഷൻ പാലിയേറ്റീവ് കെയർ മാനേജ് മെന്റ് കമ്മിറ്റി അംഗീകരിക്കേണ്ടതാണ്.ഒരിക്കൽ അംഗീകരിച്ച ക്വട്ടേഷന്റെ കാലാവധി ഒരു വർഷമായിരിക്കും. കാലാവധി അവസാനിക്കുന്നതിനു മുൻപ് പുതിയ ക്വട്ടേഷൻ ക്ഷണിച്ച് പാലിയേറ്റീവ് കെയർ മാനേജ് മെന്റ് കമ്മിറ്റിയുടെ അംഗീകാരം വാങ്ങിക്കേണ്ടതാണ്. പൊതു സമൂഹം വലിയ തോതിൽ പിന്തുണ നൽകുന്ന പദ്ധതി എന്ന നിലയിൽ ഏറ്റവുംകുറഞ്ഞ നിരക്കിൽ വാഹനം ലഭിക്കുവാനുള്ള സാധ്യത പരമാവധി ഉപയോഗപ്പെടുത്താൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ- മാർഗ്ഗരേഖ- 2.8.3 യുടെ ലംഘനങ്ങൾ താഴെച്ചേർക്കുന്നു.

1. പൊതു തെരഞ്ഞെടുപ്പിന്റെ പെരുമാറ്റച്ചട്ടം വരുമെന്നറിഞ്ഞിട്ടും അതനുസരിച്ച് മുൻകൂട്ടി ക്വൊട്ടേഷൻ ക്ഷണിച്ച് പലിയേറ്റീവ് മാനേജ്മെന്റ് കമ്മിറ്റിയുടെ അംഗീകാരം വാങ്ങാത്തതു കാരണം01.04.2019 മുതൽ 27.06.19 ലെ യോഗത്തിൽ പുതിയ ക്വൊട്ടേഷൻ അംഗീകരിക്കുന്നതു വരെ വാഹനം വാടകയ്ക്ക് എടുക്കുന്നതിന് കരാർ ഇല്ലായിരുന്നു.

2. പൊതു സമൂഹം വലിയ തോതിൽ പിന്തുണ നൽകുന്ന പദ്ധതി എന്ന നിലയിൽ ഏറ്റവുംകുറഞ്ഞ നിരക്കിൽ വാഹനം ലഭിക്കുവാനുള്ള സാധ്യത പരമാവധി ഉപയോഗപ്പെടുത്താൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.ഇത് പാലിക്കപ്പെട്ടില്ല. കരാറില്ലാതിരുന്ന 01.04.2019 മുതൽ പുതിയ ക്വട്ടേഷനുകൾ പൊട്ടിച്ച 27.06.19 വരെയുള്ള ദിവസങ്ങളിൽ പ്രതിദിനം 1000രൂപയാണ് കരാറുകാരന് നൽകിയിട്ടുള്ളത്. (2018-19ലെയും 2019-20 ലെയും കരാറുകൾ പരിശോധനയ്ക്ക് ആവശ്യപ്പെട്ടിട്ടും ആയവ ലഭ്യമാക്കിയില്ല.) 27.06.19 മുതൽ 31.08.19 വരെയുള്ള ദിവസങ്ങളിലും 1000 രൂപയാണ് പ്രതിദിനം കരാറുകാരന് (ശ്രീ.സാബു. കെ.എൽ-66-4627) നൽകിയിട്ടുള്ളത്. പുതിയ ക്വട്ടേഷൻ പ്രകാരം കിലോമീറ്ററിന് 5 രൂപയാണ് നൽകേണ്ടത്. ഒരു ദിവസത്തെ ശരാശരി ഓട്ടം 40 കിലോമീറ്ററാണ്. 175 മുതൽ 225 രൂപവരെ

നൽകേണ്ടിടത്താണ് പ്രതിദിനം 1000 രൂപനൽകിയിരിക്കുന്നത്. 01.09.2019 മുതൽ കരാർ പ്രകാരം 175-225 രൂപയാണ് പ്രതിദിനം നൽകിയിട്ടുള്ളത്.

18.04.2019 ലെ പാലിയേറ്റീവ് മാനേജ്മെന്റ് കമ്മിറ്റി യോഗത്തിൽ പുതിയ കരാർ നിലവിൽ വരുന്നതു വരെ പഴയ വണ്ടിയേയും ഡ്രൈവറെയും നിയമിക്കാൻ തീരുമാനിച്ചതിനു ശേഷമാണ് ഈ രീതിയിൽ തുക നൽകിയിട്ടുള്ളത്. പുതിയ കരാർ നിലവിൽ വരുന്നതു വരെ പഴയ കരാർ നീട്ടി നൽകുകയായിരുന്നു വേണ്ടത്. പൊതു സമൂഹം വലിയ തോതിൽ പിന്തുണ നൽകുന്ന പദ്ധതി എന്ന നിലയിൽ ഏറ്റവുംകുറഞ്ഞ നിരക്കിൽ വാഹനം ലഭിക്കുവാനുള്ള സാധ്യത പരമാവധി ഉപയോഗപ്പെടുത്തണം എന്ന സർക്കാർ നിർദ്ദേശം നിർവ്വഹണ ഉദ്യോഗസ്ഥൻ പാലിച്ചിട്ടില്ല.. ഇങ്ങനെ മാർഗ്ഗരേഖ ലംഘിച്ച് കരാറുകാരന് ലാഭമുണ്ടാക്കാൻ നിർവ്വഹണ ഉദ്യോഗസ്ഥൻ അവസരമൊരുക്കുകയായിരുന്നു. ഇതു മൂലം പഞ്ചായത്തിനുണ്ടായ നഷ്ടത്തിന്റെ വിവരം താഴെച്ചേർക്കുന്നു.

01.04 19 മുതൽ 27.06.19 വരെയുള്ള നഷ്ടം (ട്രഷറി ബിൽ നം .02/23.03.20-175500 രൂപ)

ക്രമനം	തീയതി	നൽകിയ തുക	ടിപ്പ് ഷീറ്റ് പ്രകാരംഓടിയ ദൂരം	നിരക്ക്	നൽകേണ്ട തുക	അധികം നൽകിയത്
1	03.04.2019	1000	36	5	180	820
2	05.04.2019	1000	36	5	180	820
3	08.04.2019	1000	38	5	190	810
4	09.04.2019	1000	40	5	200	800
5	10.04.2019	1000	39	5	195	805
67	11.04.2019	1000	39	5	195	805
8	12.04.2019	1000	39	5	195	805
9	16.04.2019	1100	45	5	225	875
10	17.04.2019	1100	45	5	225	875
11	18.04.2019	1000	35	5	175	825
12	20.04.2019	1000	39	5	195	805
13	22.04.2019	1000	39	5	195	805
14	24.04.2019	1000	35	5	175	825
15	29.04.2019	900	34	5	170	730
16	30.04.2019	1000	40	5	200	800
17	01.05.2019	1000	40	5	200	800
18	03.05.2019	900	29	5	145	755
19	04.05.2019	900	30	5	150	750
20	06.05.2019	1000	36	5	180	820
21	07.05.2019	1100	45	5	225	875
22	09.05.2019	1000	39	5	195	805
23	10.05.2019	1000	36	5	180	820
24	13.05.2019	1000	37	5	185	815
25	14.05.2019	1000	40	5	200	800
26	15.05.2019	1000	36	5	180	820
27	16.05.2019	1000	35	5	175	825
28	17.05.2019	1000	36	5	180	820
29	20.05.2019	1000	40	5	200	800
30	21.05.2019	1000	39	5	195	805
31	24.05.2019	1000	36	5	180	820
32	27.05.2019	1000	40	5	200	800
33	01.06.12019	1000	35	5	175	825

34	03.06.2019	1000	36	5	180	820
35	06.06.2019	1000	36	5	180	820
36	07.06.2019	1000	36	5	180	820
37	10.06.2019	1000	40	5	200	800
38	11.06.2019	1000	38	5	190	810
39	13.06.2019	1000	35	5	175	825
40	15.06.2019	1000	35	5	175	825
41	17.06.2019	1000	38	5	190	810
42	18.06.2019	1100	45	5	225	875
43	21.06.2019	1000	40	5	200	800
44	22.06.2019	1000	36	5	180	820
45	24.06.2019	1000	40	5	200	800
46	25.06..2019	900	34	5	170	730
47	26.06.2019	1000	35	5	175	825
			ആകെ			37340

28.06.2019 മുതൽ31-08-19 വരെ(കരാർനിലവിൽ വന്നതിനു ശേഷം നൽകിയത്) ട്രഷറി ബിൽ നം.02/23.03.20-175500)

ക്രമനം	തീയതി	നൽകിയ തുക	ഓടിയ ദൂരം	നിരക്ക്	നൽകേണ്ട തുക	അധികം നൽകിയത്
1	28.06.2019	1000	35	5	175	825
2	01.07.2019	1000	38	5	190	810
3	02.07.2019	1000	36	5	180	820
5	03.07.2019	1000	35	5	175	825
6	05.07.2019	1000	35	5	175	825
7	06.07.2019	900	33	5	165	735
8	08.07.2019	1000	36	5	180	820
9	09.07.2019	1000	39	5	195	805
10	10.07.2019	1000	35	5	175	825
11	11.07.2019	1000	36	5	180	820
12	12.07.2019	1000	36	5	180	820
13	16.07.2019	1000	45	5	225	775
14	17.07.2019	1000	36	5	180	820
15	19.07.2019	1000	40	5	200	800
16	22.07.2019	1000	43	5	215	785
17	23.07.2019	1000	35	5	175	825
18	29.07.2019	1000	40	5	200	800
19	02.08.2019	1000	39	5	195	805
20	03.08.2019	1000	35	5	175	825
21	05.08.2019	1000	35	5	175	825
22	06.08.2019	1000	39	5	195	805
23	07.08.2019	1000	36	5	180	820
24	09.08.2019	1000	37	5	185	815
25	12.08.2019	1000	35	5	175	825
26	14.08.2019	1000	35	5	175	825

27	15.08.2019	1000	36	5	180	820
28	16.08.2019	900	34	5	170	730
29	17.08.2019	1000	36	5	180	820
30	19.08.2019	1000	40	5	200	800
31	20.08.2019	1000	35	5	175	825
32	21.08.2019	1000	36	5	180	820
	ആകെ					25095

പഞ്ചായത്തിനുണ്ടായ ആകെ നഷ്ടം 62435 (37340+25095) രൂപ ഉത്തരവാദിയായ നിർവഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിലൊടുക്കി വിവരം അറിയിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻകയറിക്ക് മറുപടി ലഭിച്ചില്ല. തുക തിരികെ ഈടാക്കി ഒടുക്കുവാൻ നിലവിലെ ഭരണ സമതി ശ്രദ്ധിക്കേണ്ടതാണ്.

3-2 ഗുണഭോക്തൃ വിഹിതം ഈടാക്കാത്തതു മൂലം പഞ്ചായത്തിന് നഷ്ടം-9000 രൂപ

പ്രോജക്ട് നം, പേര്	S068/19-20, കിഴങ്ങു വർഗ്ഗ കിറ്റ് വിതരണം
അടങ്കൽ	വികസന ഫണ്ട്-100000
ചെലവ്	100000
നിർവ്വഹണ ഉദ്യോഗസ്ഥൻ	കൃഷി ഓഫീസർ

കിഴങ്ങു വർഗ്ഗ കിറ്റ് വിതരണം എന്ന പ്രോജക്ടിലൂടെ വി.എഫ്.പി.സി.കെയുടെ VFPCKALP913/21.11.2019 എന്ന ഇൻവോയ്സ് മുഖേന താഴെപ്പറയുന്നവ 100000 രൂപയ്ക്ക് വാങ്ങി വിതരണം ചെയ്തിട്ടുണ്ട്.

ക്രമ നമ്പർ	ഇനം	അളവ് (കിലോഗ്രാം)	നിരക്ക്	തുക
1	ചേന	800	45	36000
2	ചേമ്പ്	400	70	28000
3	ഇഞ്ചി	300	80	24000
4	മഞ്ഞൾ	300	40	12000
ആകെ				100000

സർക്കാർ ഉത്തരവ് (കൈ) നം.22/2018/ത.സ്വ.ഭ.വ. കൃഷി ക്രമ നമ്പർ (4) പ്രകാരം കിഴങ്ങു വർഗ്ഗങ്ങൾക്ക് 100% സബ്സിഡി അനുവദിക്കാവുന്നതാണ്. ക്രമ നം(5) പ്രകാരം മറ്റ് ഫല പുഷ്പ- ഔഷധ സസ്യകൃഷിക്കുള്ള വിത്തുകളും തൈകളും,തെങ്ങിൻ തൈകളും ജാതിതൈകളും എന്ന ഇനത്തിന് പൊതു വിഭാഗത്തിൽ അനുവദിക്കാവുന്ന സബ്സിഡി 75 ശതമാനമാണ്. ആയതിനാൽ കിഴങ്ങു വർഗ്ഗത്തിൽ പെടാത്ത ഇഞ്ചി, മഞ്ഞൾ എന്നീ നടീൽ വസ്തുക്കൾക്ക് 25 ശതമാനം ഗുണഭോക്തൃ വിഹിതം ഈടാക്കേണ്ടതായിരുന്നു. ഇഞ്ചിയ്ക്ക് 6000 രൂപയും(24000 X25%) മഞ്ഞളിന് 3000 (12000 X25%) രൂപയുമായിരുന്ന ഗുണഭോക്തൃ വിഹിതമായി ഈടാക്കേണ്ടിയിരുന്നത്. എന്നാൽ ഗുണഭോക്തൃ വിഹിതം ഈടാക്കാതെ മുഴുവൻ തുകയും പ്ലാൻ ഫണ്ടിൽ നിന്നാണ് നൽകിയിട്ടുള്ളത്. ഈ അപാകത ചൂണ്ടിക്കാണിച്ചതിന് മറുപടിയായി ഔഷധ സസ്യങ്ങളല്ലാത്തതിനാൽ ഈ നടീൽ വസ്തുക്കളെ കിഴങ്ങു വർഗ്ഗത്തിൽ പെടുത്തിയാണ് ആനുകൂല്യമനുവദിച്ചതെന്ന് അറിയിച്ചിട്ടുണ്ട്. മറുപടി അംഗീകരിക്കുന്നില്ല. നഷ്ടം 9000 രൂപ നിർവ്വഹണ ഉദ്യോഗസ്ഥനില് നിന്ന് ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിലൊടുക്കി അറിയിക്കേണ്ടതാണ്.

3-3 തൊഴിലുറപ്പുപദ്ധതി -കരാറുകാരിൽ നിന്നും ആദായ നികുതി ഈടാക്കിയില്ല നഷ്ടം- 25972/-

തൊഴിലുറപ്പുപദ്ധതിയിൽപ്പെടുത്തി ചെയ്ത നിർമ്മാണ പ്രവൃത്തികൾക്ക് സാധന സാമഗ്രികൾ സപ്ളൈ ചെയ്ത കരാറുകാർക്ക് തുക അനുവദിച്ചപ്പോൾ നിയമാനുസൃതം ഈടാക്കേണ്ട ആദായ നികുതി (ആദായ നികുതി നിയമം 194 C) ഈടാക്കിയില്ല . വിശദീകരണം നൽകേണ്ടതാണ്.

ക്രമ നം	പ്രവൃത്തിയുടെ പേര്	കരാറുകാരൻ	സാധന വിലയിനത്തിൽ അനുവദിച്ച തുക	ഈടാക്കേണ്ട ആദായ നികുതി (1%)	ഫണ്ട് കൈമാറ്റം ചെയ്ത തീയതി -

1	പാക്കളളി വാഴപ്പറമ്പ് ആലംതറ വെളുത്തേടത്ത് വരെ മക്കും ഗ്രാവലും	തോമസ് മാത്യു	289028	2890	05-02-20 രൂപ 289028/-
2	തോട്ടയ്ക്കാട് മുതൽ തുരുത്തിച്ചിറ വരെ മക്കും ഗ്രാവലും ഉപയോഗിച്ച് ബണ്ട് നിർമ്മാണം	മാത്യു അഗസ്റ്റിൻ	412326	4123	23-11-19 രൂപ 412326/-
3	കിഴക്കും വേലിത്തറ നെല്ലിക്കാത്തറ ബണ്ട് നിർമ്മാണം	തോമസ് മാത്യു	225661	2257	19-12-19 രൂപ 225661/-
4	കടുക്കാത്ര ആളേഴം ബണ്ട് നിർമ്മാണം	തോമസ് മാത്യു	403521	4035	16-01-.2020 രൂപ 403521/-
5	വഞ്ചിക്കൽ മുതൽ വടക്കേ ഊരാമ വരെമക്കും ഗ്രാവലും ഉപയോഗിച്ച് ബണ്ട് നിർമ്മാണം	തോമസ് മാത്യു	299072	2991	10-02-20 രൂപ 299072/-
6	സാംസാക്കാരിക നിലയും പടിഞ്ഞാറോട്ട് സെൻറ് ആൻറണീസ് ചർച്ച് റോഡ് കോൺക്രീറ്റിംഗ്	സാബു ചാക്കോ	363808	3638	02-08-19 രൂപ 363808/-
7	കല്ലുപ്പറമ്പ് മുതൽ അജയ് സദനം വരെ റോഡ് കോൺക്രീറ്റിംഗ്	സാബു ചാക്കോ	246908	2469	15-03-20 രൂപ 246908/-
8	മൂന്നകളം ആളേഴം റോഡ് കോൺക്രീറ്റിംഗ്	സാബു ചാക്കോ	356928	3569	19-02-20 രൂപ 356928/-
				25972	

നികുതികൾ കുവു ചെയ്യാതെ തുക അനുവദിച്ചതിനാൽ കാരാറുകാർക്ക് 25972/- രൂപ അധികം നൽകാനിടയായി.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം21/18-03-12 ന് കരാറുകാരിൽ നിന്നും തുക ഈടാക്കാനാവശ്യമായ നടപടികൾ സ്വീകിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുക ഈടാക്കിയതിന്റെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

3-4 GST ശ്രോതസിൽ നിന്നും ഈടാക്കിയില്ല - നഷ്ടം -42494/-

തൊഴിലുറപ്പുപദ്ധതിയിൽപ്പെടുത്തി ചെയ്ത റോഡ് നിർമ്മാണ പ്രവൃത്തികൾക്ക് സാധന സാമഗ്രികൾ സപ്ളൈ ചെയ്ത കരാറുകാർക്ക് തുക അനുവദിച്ചപ്പോൾ നിയമാനുസൃതം ഈടാക്കേണ്ട CGST Act 2017ലെ വകുപ്പ് 51 (1) , SGST Act 2017ലെ വകുപ്പ് 51(1)എന്നിവ അനുസരിച്ച് 2.50 ലക്ഷത്തിൽ അധീകരിക്കുന്ന കരാറുകാരുടെ ബില്ലുകളിൽ നിന്നും സ്രോതസ്സിൽ നിന്നും 2% തുക GST ഇനത്തിലും കുറവു ചെയ്യേണ്ടതാണ്. എന്നാൽ താഴെപ്പറയുന്ന പ്രവൃത്തികളിൽ നിന്നും ഇവ ഈടാക്കിയില്ല . വിശദാംശം ചുവടെ കൊടുക്കുന്നു.

ക്രമ നം	പ്രവൃത്തിയുടെ പേര്	കരാറുകാരൻ	സാധന വിലയിനത്തിൽ അനുവദിച്ച തുക	ഈടാക്കേണ്ട ചരക്കുസേവന നികുതി (2%)	ഫണ്ട് കൈമാറ്റം ചെയ്ത തീയതി
1	പാക്കളളി വാഴപ്പറമ്പ് ആലംതറ വെളുത്തേടത്ത് വരെ മക്കും ഗ്രാവലും	തോമസ് മാത്യു	289028	5781	05-02-20 രൂപ 289028/-
2	തോട്ടയ്ക്കാട് മുതൽ തുരുത്തിച്ചിറ വരെ മക്കും ഗ്രാവലും ഉപയോഗിച്ച് ബണ്ട് നിർമ്മാണം	മാത്യു അഗസ്റ്റിൻ	412326	8247	23-11-19 രൂപ 412326/-
4	കടുക്കാത്തു ആളേഴം ബണ്ട് നിർമ്മാണം	തോമസ് മാത്യു	403521	8070	16-01-.2020 രൂപ 403521/-
5	വഞ്ചിക്കൽ മുതൽ വടക്കേ ഊരാമ വരെമക്കും ഗ്രാവലും ഉപയോഗിച്ച് ബണ്ട് നിർമ്മാണം	തോമസ് മാത്യു	299072	5981	10-02-20 രൂപ 299072/-
6	സാംസാക്കാരിക നിലയും പടിഞ്ഞാറോട്ട് സെൻറ് ആൻറണീസ് ചർച്ച് റോഡ് കോൺക്രീറ്റിംഗ്	സാബു ചാക്കോ	363808	7276	02-08-19 രൂപ 363808/-
8	മൂന്നുകളം ആളേഴം റോഡ് കോൺക്രീറ്റിംഗ്	സാബു ചാക്കോ	356928	7139	19-02-20 രൂപ 356928/-
				42494	

നികുതികൾ കുവു ചെയ്യാതെ തുക അനുവദിച്ചതിനാൽ കാരാറുകാർക്ക് 42494 രൂപ അധികം നൽകാനിടയായി.ഇത്

സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം21/18-03-12 ന് കരാറുകാരിൽ നിന്നും തുക ഈടാക്കാനാവശ്യമായ നടപടികൾ സ്വീകിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുക ഈടാക്കിയതിന്റെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

3-5 സ്റ്റാക്ക് ചെയ്ത അളവിനേക്കാൾ കൂടിയ അളവിന് തുക അനുവദിച്ചു- നഷ്ടം -3878/-

സാംസാക്കാരിക നിലയും പടിഞ്ഞാറോട്ട് സെൻറ് ആൻറണീസ് ചർച്ച് റോഡ് കോൺക്രീറ്റിംഗ്.

ഫണ്ട് കൈമാറ്റം ചെയ്ത തീയതി തുക – 01-08-19 രൂപ 52208/-

02-08-19 രൂപ 305386/-

10-08-19 രൂപ 6214/-

മേൽപ്രവൃത്തിക്ക് സാധനങ്ങൾ എസ്റ്റിമേറ്റ് നിരക്കിൽ സപ്ളൈ ചെയ്തിരിക്കുന്നത് ശ്രീ. സാബു ചാക്കോയാണ്.ടി പ്രവൃത്തിക്കായി 40mm മെറ്റിൽ സ്റ്റാക്ക് ചെയ്തിരിക്കുന്നത് വോയിഡ്സ് കുറവു വരുത്തിയതിനു ശേഷമുള്ള അളവ് 26.89 M3 ആണ്. (അളവു പുസ്തകം നമ്പർ ഇല്ല പേജ് 3)എന്നാൽ കരാറുകാരന് തുക അനുവദിച്ചിരിക്കുന്നത് 28.576m3 അളവിനാണ്. അധികം നൽകിയത് 1.686 M3 (28.576 – 26.89) @2300 = 3878/-.ടി തുക കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 24/18-03-12 ന് 40mm മെറ്റിലിന് വോയ്ഡ്സ് ഡിഡക്ക്ഷൻ ആവശ്യമില്ലായിരുന്നുവെന്നാണ് മറുപടിയിൽ അറിയിച്ചിരിക്കുന്നത്. CPWD സ്പെസിഫിക്കേഷനിലാണ് എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നടപ്പിലാക്കിയിരിക്കുന്നത്. CPWD സ്പെസിഫിക്കേഷൻ പ്രകാരം 40mm മെറ്റിലിന്റെ സ്റ്റാക്ക് അളവിൽ നിന്നും വോയിഡ്സ് കുറവു വരുത്തേണ്ടതാണ്. അതിനാൽ അധികം നൽകിയ 1.686 M3 ന്റെ വിലയായ 3878/- രൂപ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	ലഭിച്ച തുക	പ്രൊജക്ടിന്റെ പേര്	ചെലവ്	ബാലൻസ്
ജില്ലാ പഞ്ചായത്ത്	100000	അന്നപൂരക പോഷകാഹാരം	100000	0
ബ്ലോക്ക് പഞ്ചായത്ത്	352157	ലൈഫ് ഭവന നിർമ്മാണം	320000	32157
	164914	ലൈഫ് ഭവന നിർമ്മാണം (Scp)	0	164914
	100000	പാലിയേറ്റീവ് കെയർ	100000	0
	100000	സ്കോളർഷിപ്പ്	100000	0
	100000	പാലിന് സബ്സിഡി	100000	0
	350000	അന്നപൂരക പോഷകാഹാരം	350000	0

4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

4-4 വായ്പ / വായ്പ തിരിച്ചടവ്

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നമ്പർ/തിയ്യതി	തൻവർഷം വായ്പ	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക	തൻവർഷം തിരിച്ചടച്ച തുക		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക
				മുതൽ	പലിശ	
ലൈഫ് ഭവന പദ്ധതി	ജി.ഒ.(എം.എസ്) 68/2018തസ്വഭവ	4933719	14682769	1470588		18145900

4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

4-6 ഓഡിറ്റ് റിക്കവറി

ഇല്ല

4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
2015-16	2-2	2016-17	-	തൊഴിൽ നികുതി സംബന്ധിച്ച്	തുക ഒടുക്കിയിട്ടുണ്ട്.

4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-9 ഓഡിറ്റ് പ്രത്യവലോകനം

ഓഡിറ്റ് വർഷത്തെ ആകെ വരവ്		49402625
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	:	47253670
വരവിനങ്ങളിലുള്ള നഷ്ടം	:	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	:	71435
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	:	166974

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	നഷ്ടമായ തുക		ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
	ചാർജ് ചെയ്യാവുന്നവ	സർചാർജ് ചെയ്യാവുന്നവ	
3-1		62435	ഡോ.നജ്മുദ്ദീൻ , മെഡിക്കൽ ഓഫീസർ (സി.എച്ച്.സി)
3-2		9000	പ്രദീപ് .പി. വി , കൃഷി ഓഫീസർ
ആകെ		71435	

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-23	166974	ഡോ.നജ്മുദ്ദീൻ , മെഡിക്കൽ ഓഫീസർ (സി.എച്ച്.സി)

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	തുക
3-3	25972
3-4	42494
3-5	3878

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ഡോ.നജ്മുദ്ദീൻ , മെഡിക്കൽ ഓഫീസർ (സി.എച്ച്.സി)	മെഡിക്കൽ ഓഫീസർ (സി.എച്ച്.സി),നെടുമുടി ഗ്രാമപഞ്ചായത്ത്	അറഫാ കോട്ടേജ് , വടശ്ശേരികോണം , വർക്കല , പിൻ -695413
പ്രദീപ് .പി. വി , കൃഷി ഓഫീസർ	കൃഷി ഓഫീസർ , നെടുമുടി ഗ്രാമപഞ്ചായത്ത്	പ്രതീക്ഷ , പുതിയ വിള പി.ഒ , കായംകുളം

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം
1996-97 2005-06	എൽ.എഫ്.ജി.എ5/832 /2011/31.01.2012 (ഓഡിറ്റ് അദാലത്തിൽ പരിഗണിച്ചത്)
2006-07,2007-08	എൽ.എഫ്.ജി.എ5/1577 /2014/16.05.2014
2008-09	എൽ.എഫ്.ജി.എ5/1577 /14/07.06.2014
2009-10	എൽ.എഫ്.ജി.എ5/1577 /14/16.05.2014
2010-11,2011-12	എൽ.എഫ്.എ.പി.1/766 /13/21.01.14/11.04.2014
2012-13,2013-14	എൽ.എഫ്.എ.പി.1/1990/14
2014-15	കെ.എസ്.എ.എ.എൽ.പി1/87 /2016/11.02.2016

2015-16	കെ.എസ്.എ.എ.എൽ.പി1/36 /17/17.01.2017
2016-17	കെ.എസ്.എ.എ.എൽ.പി1/723 /17/19.06.2017
2017-18	കെ.എസ്.എ.എ.എൽ.പി1/177 /2019/08.03.2019
2018-19	കെ.എസ്.എ.എ.എൽ.പി1/795 /2020/18-01-21

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

.

അനുബന്ധം-1

ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ നെടുമുടി ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ നെടുമുടി ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്